04
2022
ജനുവരി
ചൊവ്വ
ധനു 20

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 215 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-215 പേജ് 4. വില 2.00 രൂപ

02 ആദ്യ ദിനം വാക്സിനേഷൻ സ്വീകരിച്ചത് 38,417 കുട്ടികൾ
03 കെ.എസ്.ആർ.ടി.സി യാത്രാ ഫ്യൂവൽസ് കൂടുതൽ സ്ഥലങ്ങളിലേക്ക്
04 കടലിൽ കാണാതായ വള്ളവും മത്സ്യത്തൊഴിലാളികളെയും കണ്ടെത്തി

# സിൽവർ ലൈൻ 2025ൽ പദ്ധതി പൂർത്തിയാകും: മുഖ്യമന്ത്രി

തിരുവനന്തപുരം: അടുത്ത രണ്ട് വർഷത്തിനുള്ളിൽ കെ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പദ്ധതിക്ക് വേണ്ടി കുടിയൊഴിക്കപ്പെടുന്നവർക്ക് മെച്ചപ്പെട്ട പാക്കേജ് നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. പുനരധിവാസത്തിന് 1730 കോടി രൂപയും, 4460 കോടി രൂപ വീടുകളുടെ നഷ്ടപരിഹാരത്തിനും നീക്കിവെക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. തിരുവനന്തപുരത്ത് നടന്ന പൗരപ്രമുഖരുമായുള്ള കൂടിക്കാഴ്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.



63,941 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 56,881 കോടി രൂപ അഞ്ച് വർഷം കൊണ്ടാണ് ചെലവാക്കുന്നത്. തുക അന്താരാഷ്ട്ര ഏജൻസികളുമായി സഹകരിച്ച് കുറഞ്ഞ പലിശ നിരക്കിൽ വായ്പ സ്വീകരിക്കും. കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ഇതിനകത്തുണ്ടാകും. 2018ലാണ് കെറെയിൽ പദ്ധതിയുടെ ആസൂത്രണം നടക്കുന്നത്. 5 പാക്കേജുകളിലായി ഒരേ സമയം നിർമ്മാണം നടത്തി 2025ഓട് കൂടി പദ്ധതി പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്. ഇതിനായി വർഷത്തിൽ 365 ദിവസം 24 മണിക്കൂറും പ്രവർത്തി നടക്കും. രണ്ട് വർഷം കൊണ്ട് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കി അടുത്ത 3 മൂന്ന് വർഷം കൊണ്ട് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ധനശേഷി ഇല്ലായ്മയിലും കിഫ്ബി പുനരുജ്ജീവിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കാലം മുന്നോട്ട് പോവുകയാണ് നമ്മൾ ഇവിടത്തന്നെ നിന്നാൽ കാലത്തിനനുസരിച്ച് മുന്നോട്ട് പോയില്ലെങ്കിൽ നമ്മൾ പിറകോട്ട് പോകും. നമ്മുടെ നാട്ടിൽ സംഭവിക്കേണ്ടതല്ല ഇതെന്നും. നമ്മുടെ നാടിന്റെ പശ്ചാത്തലം നല്ലത് പോലെ വികസിക്കണം. സഞ്ചാരം വേഗം കുറയുന്നത് നാടിന്റെ വികസന പുരോഗതിക്ക് തടസമാണ്. അനാവശ്യ എതിർപ്പ് ഉയർത്തുന്നവർക്ക് മുന്നിൽ വഴങ്ങിക്കൊടുക്കില്ല.

അധികാരത്തിലെത്തുമ്പോൾ ഇവിടെ ഒന്നും നടക്കില്ല എന്ന ശാപവാക്കുകളായിരുന്നു കേട്ടത്. എന്നാൽ പദ്ധതികളുടെ പേരിൽ ജനങ്ങളെ ഉപദ്രവിക്കലല്ല സർക്കാരിന്റെ നയം. കാലം മുന്നോട്ട് പോകുന്നതിനനുസരിച്ച് പശ്ചാത്തല സൗകര്യം വികസിപ്പിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. ദേശീയ പാതാ വികസനം, പവർഗ്രിഡ് ലൈൻ, ഗെയിൽ പൈപ്പ് ലൈൻ പദ്ധതി തുടങ്ങിയവയെ ചൂണ്ടിക്കാട്ടിയായിരുന്നു മുഖ്യമന്ത്രിയുടെ പ്രസംഗം.

ഏറ്റവും കുറഞ്ഞ തോതിൽ ആഘാതം ഉണ്ടാക്കുന്ന തരത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. കെറെയിൽ പരിസ്ഥിതി ലോല പ്രദേശത്ത് കൂടി കടന്നു പോകുന്നില്ല. സംസ്ഥാനത്ത് ഒട്ടേറെ വന്യമൃഗ സങ്കേതമുണ്ട്. എന്നാൽ ഇതിൽ ഏതെങ്കിലും സങ്കേതത്തിൽ കൂടി സിൽവർ ലൈൻ കടന്നു പോകുന്നില്ല. നദികളുടേയും മറ്റു ജല സ്രോതസുകളുടേയും സ്വാഭാവിക ഒഴുക്ക് തടസപ്പെടുന്നില്ല. നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങൾക്കും ഒന്നും സംഭവിക്കില്ല. ഇവിടങ്ങളിൽ 88 കിലോ മീറ്റ തൂണുകളിൽ കൂടിയാണ് പാത കടന്നു പോവുക.

കെറെയിൽ പരിസ്ഥിതിക്ക് നേട്ടമാണ് ഉണ്ടാകുക. കാർബൺ ബഹിർഗമനത്തിൽ 2,80,000 ടൺ നിർമ്മാർജ്ജനം ചെയ്യാൻ ഇതിൽ കൂടി കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൂർണ്ണമായും പരിസ്ഥിതി സൗഹാർദ മാതൃകയിലാണ് സിൽവർ ലൈൻ പദ്ധതി. ചരക്ക് വാഹനങ്ങൾ കടത്തിക്കൊണ്ട് പോകാൻ ഇതിനകത്ത് റോറോ സംവിധാനം ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്തിൽ കുറവുണ്ടാകും. 500 കോടിയോളം രൂപയുടെ ഫോസിൽ ഇന്ധനങ്ങളുടെ കുറവാണ് പ്രതീക്ഷിക്കുന്നത്. ഇത് വലിയ നേട്ടമാണ്.

സിൽവർ ലൈൻ പ്രളയം സൃഷ്ടിക്കാൻ സാധ്യതയുണ്ട് എന്ന പ്രചാരണം നടക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന എംബാങ്ക്മെന്റ് പ്രളയം സൃഷ്ടിക്കും എന്നാണ് പ്രചാരണം. എന്നാൽ നിലവിലുള്ള എല്ലാ റെയിൽവെ ലൈനുകളും എംബാങ്ക്മെന്റിലാണ് പണിതിട്ടുള്ളത്. കഴിഞ്ഞ നൂറ്റാണ്ടിനിടെ കേരളത്തിലുണ്ടായ പ്രളയങ്ങളുടേയും വേലിയേറ്റത്തിന്റേയും വേലിയിറക്കത്തിന്റേയും കണക്കുകളെടുത്തിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി രൂപകൽപന ചെയ്തിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ഷുഹൈബ് കൊലപാതകം: സിബിഐക്ക് വിടണമെന്ന ഹർജി പരിഗണിക്കാൻ മാറ്റി

ന്യൂഡൽഹി: കണ്ണൂർ മട്ടന്നൂരിലെ യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബ് കൊല്ലപ്പെട്ട കേസിന്റെ അന്വേഷണം സിബിഐക്കു വിടണമെന്ന ഹർജി ഒരു മാസത്തിന് ശേഷം പരിഗണിക്കാൻ മാറ്റി. ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഉത്തരവിന് എതിരെ നൽകിയ ഹർജിയാണ് നാല് ആഴ്ചയ്ക്ക് ശേഷം പരിഗണിക്കാനായി സുപ്രീം കോടതി മാറ്റിയത്. ജസ്റ്റിസ്മാരായ ബി ആർ ഗവായ്, രവീന്ദ്ര ഭട്ട് എന്നിവർ അടങ്ങിയ ബെഞ്ചാണ് ഹർജി പരിഗണിച്ചത്. ഷുഹൈബിന്റെ മാതാപിതാക്കളായ സി.പി.മുഹമ്മദ്, എസ്.പി.റസിയ എന്നിവരാണ് സിബിഐ അന്വേഷണം ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തത്. കേസിന്റെ എല്ലാ വശങ്ങളും കണക്കിലെടുത്താണ് അന്വേഷണം സിംഗിൾ ബെഞ്ച് സിബിഐയ്ക്ക് കൈമാറിയതെന്ന് ഹർജിക്കാർക്ക് വേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ വി.ഗിരിയും, അഭിഭാഷകൻ എം.ആർ.രമേശ് ബാബുവും വാദിച്ചു. കുറ്റപത്രം നൽകിയ കേസിൽ ഇനി സിബിഐ അന്വേഷണം ആവശ്യമുണ്ടോ എന്ന് കോടതി ആരാഞ്ഞു.




## പോലീസ് നടപടി ദുരിതമാകരുത്

തിരുവനന്തപുരം: തുടർച്ചയായി പോലീസിനെതിരേ ഉണ്ടാകുന്ന ആക്ഷേപങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന പോലീസ് മോധാവിയോട് അതൃപ്തി അറിയിച്ചു. ഇന്നലെ പോലീസ് മേധാവിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് മുഖ്യമന്ത്രി അതൃപ്തി അറിയിച്ചത്.

എല്ലാ ആഴ്ചയും മുഖ്യമന്ത്രി ഡിജിപിയുമായി ക്രമസമാധാനപ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാറുണ്ടെന്നും അത്തരത്തിലുള്ള യോഗം മാത്രമാണ് ഇന്നലെയും നടന്നതെന്നു പോലീസ് വൃത്തങ്ങൾ സൂചിപ്പിച്ചു.

നിയമപാലനം നടപ്പാക്കുന്നതിൻറെ പേരിൽ ജനങ്ങൾക്ക് ദുരിതമുണ്ടാക്കുകയല്ല വേണ്ടതെന്നു ചർച്ചയിൽ മുഖ്യമന്ത്രി അറിയിച്ചതായാണ് സൂചന. കോവളത്ത് വിദേശ പൗരനു നേരേയുണ്ടായ പോലീസ് നടപടികൾ ഏറെ വിമർശനവിധേയമായിരുന്നു.

പോലീസിൻറെ ഭാഗത്തു നിന്നുണ്ടാകുന്ന ഓരോ വീഴ്ചകളും സർക്കാരിനെ പ്രതിക്കൂട്ടിലാക്കുമെന്ന മുന്നറിയിപ്പ് മുഖ്യമന്ത്രി നല്കി. നിയമം കൃത്യമായി നടപ്പാക്കണം. അത് പൊതുജനത്തിനെ പീഡിപ്പിക്കുന്ന അവസ്ഥയിലാകരുതെന്നു നിർദേശം നല്കിയതായാണ് സൂചന.

കിഴക്കമ്പലത്ത് അതിഥി തൊഴിലാളികളുമായുള്ള പ്രശ്നങ്ങൾ കൂടുതൽ ശ്രദ്ധയോടെ കൈകാര്യം ചെയ്യണമെന്ന നിർദേശവും നല്കി. ഡിജിപി അനിൽ കാന്തിനെക്കൂടാതെ എഡിജിപിമാരായ മനോജ് ഏബ്രഹാം, വിജയ് സാഖറെ എന്നിവരും മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച്ചയിൽ പങ്കെടുത്തു

## ആക്രിക്കടയിലുണ്ടായ തീപിടിത്തം : വൻ ദുരന്തം ഒഴിവായത് തലനാരിഴയ്ക്ക്

തിരുവനന്തപുരം: കിള്ളിപ്പാലത്തിനു സമീപം ആക്രിക്കടയിലുണ്ടായ തീപിടിത്തം മണിക്കൂറുകൾക്കൊണ്ട് നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞതോടെ ഒഴിവായത് വൻ ദുരന്തം. ഇന്നലെ രാവിലെ 11.30 ഓടെ ആക്രിക്കടയിൽ തീപടർന്നപ്പോൾ മുതൽ മണിക്കൂറുകളോളം ഭീതിയുടെ നിഴലിലായിരുന്നു കിള്ളിപ്പാലത്തെയും കരമനയിലേയും ആളുകൾ. ആശുപത്രികളും വ്യാപാര സ്ഥാപനങ്ങളും ജനവാസമേഖലകളും ഉൾപ്പെടുന്ന പ്രദേശത്തിനടുത്തായി ആണ് തീപിടിത്തമുണ്ടായത്.

പഴയ പ്ലാസ്റ്റിക് സാധനങ്ങൾ ഉൾപ്പെടെയുള്ളവ തീയിൽ അമർന്നതോടെ വൻ തോതിലാണ് പുക പടലം ഉയർന്നത്. തീ കെടുത്താനുള്ള ശ്രമം ആദ്യ മണിക്കൂറുകളിൽ വേണ്ടത്ര വിജയം കാണാതായതോടെ പുകപടലംകൊണ്ട് ഈ മേഖല ആകെ നിറഞ്ഞു. ഇതോടെ സമീപത്തെ പിആർഎസ് ആശുപത്രിയിലെ രോഗികൾ ഉൾപ്പെടെയുള്ളവരും ആശങ്കയിലായി. ആക്രി സാധനങ്ങൾ പലതും വൻ ശബ്ദത്തോടെ പൊട്ടിത്തെറിച്ചതോടെ ജനങ്ങൾ ആശങ്കയിലുമാക്കി. സമീപത്തെ വ്യാപാര സ്ഥാപനങ്ങളിലേയ്ക്കും വീടുകളിലേയ്ക്കും മലിന പുക അടിച്ചതോടെ ഇവിടങ്ങളിൽ നിന്നും ആളുകളെ മാറ്റി. ഗോഡൗണിന് സമീപമുള്ള കുമാർ, ശിവകുമാർ,ശ്യാംലാൽ എന്നിവരുടെ വീടുകൾക്കു നാശനഷ്ടമുണ്ടായി. ഇവരുടെ വീടുകൾ പൂർണമായും പുകനിറഞ്ഞു. കുടിവെള്ള കണക്ഷൻ പൈപ്പുകൾ ഉരുകിപ്പോയി. കനത്ത ചൂടിൽ ജനൽചില്ലുകൾ പൊട്ടി.

വൻ തോതിൽ പുക പടർന്നതോടെ തൊട്ടടുത്ത ആശുപത്രിയിലെ രോഗികളും അവരുടെ കൂട്ടിരുപ്പുകാരും ആശങ്കയിലായി. കിലോമീറ്ററുകൾ അപ്പുറത്തേയ്ക്ക് പുകപടലം പടർന്നു. ഇതിനിടെ പുക നിയന്ത്രണാധീതമായതോടെ ഓക്സിജൻ മാസ്കുകൾ ഉപയോഗിച്ചാണ് അഗ്നിശമന സേനാംഗങ്ങൾ തീ കെടുത്താൻ ശ്രമിച്ചത്.

ടൺ കണക്കിന് ആക്രി സാധനങ്ങൾ കൂട്ടിയിട്ടതിൽ തീ പിടിച്ചത് അണയ്ക്കാൻ മണിക്കൂറുകൾ നീണ്ട പ്രയത്നമാണ് വേണ്ടി വന്നത്. ആക്രി ഗോഡൗണിൻറെ അടുത്തായുള്ള വീടുകളിലേക്ക് കൂടുതൽ തീ പടരാതിരുന്നതും ആശ്വാസമായി. തീപിടിത്തം ഉണ്ടായതോടെ സമീപത്തെ വ്യാപാരസ്ഥാപനങ്ങൾ എല്ലാം അടച്ച് ആളുകൾ രക്ഷപെട്ടു.

തീയണയ്ക്കാൻ ശ്രമിച്ച ഗോഡൗൺ ഉടമ പുന്തുറ സ്വദേശി സുൽഫിയും രണ്ട് തൊഴിലാളികളും ശ്രമം വിഫലമായതടെ പുറത്തേക്കിറങ്ങി ഓടിയതിനാൽ ജീവഹാനിയുണ്ടായില്ല. കരമന സ്വദേശി ചിദംബരത്തിൻറെതാണ് ഗോഡൗണിരിക്കുന്ന സ്ഥലം. ഗോഡൗണിന് മുന്നിലുണ്ടായിരുന്ന വൈദ്യുതി പോസ്റ്റിനോളം ഉയരത്തിലാണ് ഇവിടെ ആക്രി സാധനങ്ങൾ കൂട്ടിയിട്ടിരുന്നത്. ഇതിൽ തീപ്പൊരി വീണതോടെ നിമിഷങ്ങൾക്കുള്ളിൽ തീ ആളിപ്പടരുകയായിരുന്നുവെന്നും ഇതോടെ ചിലസാമഗ്രികൾ ഉഗ്ര ശബ്ദത്തോടെ പൊട്ടിത്തെറിച്ച് സമീപത്തെ വീടുകളിലേക്കും കടകളിലേക്കും പതിച്ചെന്നും ദൃക്സാക്ഷികൾ പറയുന്നു.

പെയിൻറ് ടിൻ, ഒഴിഞ്ഞ സ്പ്രേ പെയിൻറ് കുപ്പികൾ, ടാർ വീപ്പ,വാഹനങ്ങളിലെ ഡീസൽ ഫിൽറ്റർ, ടയർ, പ്ലാസ്റ്റിക് ബോട്ടിൽ തുടങ്ങിയവാണ് കത്തിയതെന്നു ഫയർഫോഴ്സ് പറഞ്ഞു.

# ആദ്യ ദിനം വാക്സിനേഷൻ സ്വീകരിച്ചത് 38,417 കുട്ടികൾ



സംസ്ഥാനത്ത് 15നും 18നും ഇടയ്ക്ക് പ്രായമുള്ള 38,417 കുട്ടികൾക്ക് ആദ്യ ദിനം കോവിഡ് വാക്സിൻ നൽകിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. കുട്ടികൾക്ക് കോവാക്സിനാണ് നൽകുന്നത്. 9338 ഡോസ് വാക്സിൻ നൽകിയ തിരുവനന്തപുരം ജില്ലയാണ് ഏറ്റവും കൂടുതൽ കുട്ടികൾക്ക് വാക്സിൻ നൽകിയത്. 6868 പേർക്ക് വാക്സിൻ നൽകി കൊല്ലം ജില്ല രണ്ടാം സ്ഥാനത്തും 5018 പേർക്ക് വാക്സിൻ നൽകി തൃശൂർ ജില്ല മൂന്നാം സ്ഥാനത്തുമാണ്. 551 വാക്സിനേഷൻ കേന്ദ്രങ്ങളാണ് കുട്ടികൾക്കായി സജ്ജീകരിച്ചത്. എല്ലാ വാക്സിനേഷൻ കേന്ദ്രങ്ങളിലും വലിയ ഉത്സാഹത്തോടെയാണ് കുട്ടികളെത്തിയത്. മിക്ക കേന്ദ്രങ്ങളിലും നല്ല തിരക്കായിരുന്നു. ആർക്കും പാർശ്വഫലങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം 9338, കൊല്ലം 6868, പത്തനംതിട്ട 1386, ആലപ്പുഴ 3009, കോട്ടയം 1324, ഇടുക്കി 2101, എറണാകുളം 2258, തൃശൂർ 5018, പാലക്കാട് 824, മലപ്പുറം 519, കോഴിക്കോട് 1777, വയനാട് 1644, കണ്ണൂർ 1613, കാസർഗോഡ് 738 എന്നിങ്ങനെയാണ് കുട്ടികൾക്ക് വാക്സിൻ നൽകിയത്.

ജനുവരി 10 വരെ നടക്കുന്ന വാക്സിനേഷൻ യജ്ഞത്തിന്റെ ഭാഗമായി തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ജില്ല, ജനറൽ, താലൂക്ക് ആശുപത്രികൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും ചൊവ്വ, വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ പ്രാഥമിക, കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കുട്ടികൾക്കുള്ള പ്രത്യേക വാക്സിനേഷൻ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. ഒമിക്രോൺ സാഹചര്യത്തിൽ എല്ലാവരും കുട്ടികളെ വാക്സിൻ എടുപ്പിക്കേണ്ടതാണ്. 18 വയസിന് മുകളിലുള്ളവരിൽ വാക്സിനെടുക്കാൻ ബാക്കിയുള്ളവരും രണ്ടാം ഡോസെടുക്കാൻ സമയം കഴിഞ്ഞവരും എത്രയും വേഗം വാക്സിൻ എടുക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ഞായറാഴ്ച രാത്രി 5,02,700 ഡോസ് കോവാക്സിൻ സംസ്ഥാനത്തെത്തിയിരുന്നു. ഇന്ന് എറണാകുളത്ത് 57,300 ഡോസ് കോവാക്സിൻ കൂടി എത്തിയിട്ടുണ്ട്.

# യുവാക്കളിൽ സേവനമനോഭാവം വളർത്തിയെടുക്കേണ്ടത് അത്യാവശ്യം: ഉപരാഷ്ട്രപതി

ചെറുപ്പകാലംതൊട്ടു യുവാക്കളിൽ സേവനമനോഭാവം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയുണ്ടെന്നു ഉപരാഷ്ട്രപതി ശ്രീ എം വെങ്കയ്യ നായിഡു പറഞ്ഞു. നിലവിലെ അവസ്ഥ കഴിഞ്ഞു സാധാരണ നിലയിലേക്ക് തിരിച്ചെത്തിയാൽ വിദ്യാർത്ഥികൾക്കു സാമൂഹ്യസേവനം നിർബന്ധമാക്കണമെന്നും അദ്ദേഹം വിദ്യാലയങ്ങളോട് അഭ്യർത്ഥിച്ചു.

കോട്ടയം മാന്നാനത്ത് വിശുദ്ധ ചാവറയുടെ 150ാം ചരമ വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു ഉപരാഷ്ട്രപതി. ഈ മഹാമാരി ക്കാലം പിന്നിട്ടുകഴിഞ്ഞാൽ, ഗവൺമെന്റ് സ്വകാര്യമേഖലയിലെ സ്കൂളുകൾ കുറഞ്ഞത് രണ്ടു മൂന്നുവാരമെങ്കിലും വിദ്യാർഥികൾക്ക് നിർബന്ധിത സാമൂഹിക സേവനം ഉറപ്പാക്കണമെന്ന് അദ്ദേഹം പറഞ്ഞു. മറ്റുള്ളവരുമായി പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും മനോഭാവം വളർത്തിയെടുക്കാൻ ഇത് അവരെ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും തത്വശാസ്ത്രം ഇന്ത്യയുടെ സംസ്കാരത്തിന്റെ കാതലാണെന്നും അതിനു വ്യാപകപ്രചാരം ലഭിക്കണമെന്നും ഉപരാഷ്ട്രപതി പറഞ്ഞു. "നമ്മളെ സംബന്ധിച്ചു 'വസുധൈവ കുടുംബകം' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ ലോകം ഒരൊറ്റ കുടുംബമാണ്. ആ ഊർജ്ജം ഉൾക്കൊണ്ടാകണം നാം മുമ്പോട്ടുപോകേണ്ടത്." അദ്ദേഹം പറഞ്ഞു.ഓരോ വ്യക്തിക്കും രാജ്യത്ത് തന്റെ വിശ്വാസം ആചരിക്കാനും അവയെക്കുറിച്ചു സംസാരിക്കാനും അവകാശമുണ്ടെന്ന് ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി. "നിങ്ങളുടെ മതം അനുഷ്ഠിക്കുക, എന്നാൽ വിദ്വേഷ പ്രസംഗങ്ങളും അധിക്ഷേപിക്കുന്നതരത്തിലുള്ള എഴുത്തുകളും പാടില്ല" അദ്ദേഹം പറഞ്ഞു. മറ്റു മതങ്ങളെ പരിഹസിക്കാനും സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കാനുമുള്ള ശ്രമങ്ങളോടുള്ള വിയോജിപ്പും അദ്ദേഹം പ്രകടിപ്പിച്ചു.

വിദ്വേഷപ്രസംഗങ്ങളും എഴുത്തുകളും സംസ്കാരത്തിനും പൈതൃകത്തിനും പാരമ്പര്യത്തിനും ഭരണഘടനാപരമായ അവകാശങ്ങൾക്കും ധാർമ്മികതയ്ക്കും എതിരാണെന്ന് നിരീക്ഷിച്ച ശ്രീ നായിഡു, മതനിരപേക്ഷത ഓരോ ഇന്ത്യക്കാരന്റെയും രക്തത്തിൽ അലിഞ്ഞുചേർന്നിട്ടുണ്ടെന്നും രാജ്യം അതിന്റെ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും പേരിൽ ലോകമെമ്പാടും ആദരിക്കപ്പെടുന്നുണ്ടെന്നും പറഞ്ഞു. ഈ സാഹചര്യത്തിൽ ഇന്ത്യൻ മൂല്യസംവിധാനത്തെ ശക്തിപ്പെടുത്തണമെന്നും ഉപരാഷ്ട്രപതി ആഹ്വാനം ചെയ്തു. ഇന്ത്യൻ സാംസ്കാരിക മൂല്യങ്ങൾ ഉൾക്കൊള്ളാനും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും യുവാക്കളെ പ്രേരിപ്പിച്ച അദ്ദേഹം, മറ്റുള്ളവരുമായുള്ള പങ്കിടലും കരുതലുമെന്ന ഇന്ത്യൻ തത്വചിന്തയുടെ പ്രാധാന്യവും ചൂണ്ടിക്കാട്ടി. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുന്നത് ഒരു വ്യക്തിക്ക് വളരെയധികം സംതൃപ്തി നൽകുമെന്ന് മാത്രമല്ല, അവന്റെ അല്ലെങ്കിൽ അവളുടെ നല്ല പ്രവൃത്തികളുടെപേരിൽ ജനങ്ങൾക്ക് ആ വ്യക്തിയെ ദീർഘകാലം ഓർക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. യോഗയോ മറ്റേതെങ്കിലും തരത്തിലുള്ള ശാരീരിക വ്യായാമമോ ചെയ്ത് ശാരീരികക്ഷമത നിലനിർത്താനും "പ്രകൃതിയെ സ്നേഹിച്ചു ജീവിക്കാനും" യുവാക്കളെ ശ്രീ നായിഡു ഉപദേശിച്ചു. നല്ല ഭാവിക്കായി പ്രകൃതിയെ സംരക്ഷിക്കാനും സംസ്കാരം സംരക്ഷിക്കാനും അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.

തന്റെ ജീവിതകാലത്തു തന്നെ ജനങ്ങൾ വിശുദ്ധനായി കണ്ടിരുന്ന കേരളത്തിലെ ഈ ഐതിഹാസിക ആത്മീയസാമൂഹ്യ നായകൻ എല്ലാ അർഥത്തിലും യഥാർഥ ദാർശനികനായിരുന്നുവെന്ന് വിശുദ്ധ ചാവറയച്ചനു ശ്രദ്ധാഞ്ജലി അർപ്പിച്ച് ഉപരാഷ്ട്രപതി പറഞ്ഞു. 19ാം നൂറ്റാണ്ടിൽ കേരളത്തിലെ ആത്മീയ, വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിലെ പരിഷ്കർത്താവായാണ് അദ്ദേഹം സ്വയം അടയാളപ്പെടുത്തിയത്. ജനങ്ങളെ സാമൂഹ്യമായി പരിഷ്കരിക്കുന്നതിന് അദ്ദേഹം വിലപ്പെട്ട സംഭാവനകളാണു നൽകിയതെന്നും ശ്രീ നായിഡു പറഞ്ഞു.

സമൂഹത്തിൽ സാമുദായികമൈത്രിയും സഹിഷ്ണുതയും കൈവരിക്കുന്നതിന് വിശുദ്ധ ചാവറ വളരെയധികം സംഭാവന നൽകിയിട്ടുണ്ടെന്ന് പറഞ്ഞ ശ്രീ നായിഡു, എല്ലാവരുടെയും ക്ഷേമത്തിൽ അദ്ദേഹം എല്ലായ്പ്പോഴും ശ്രദ്ധാലുവായിരുന്നെന്നും സമാധാനപരമായ മനുഷ്യബന്ധങ്ങൾ മറ്റെന്തിനെക്കാളും പവിത്രവും പ്രാധാന്യമുള്ളതുമാണെന്ന് നമ്മെ പഠിപ്പിച്ചുവെന്നും പറഞ്ഞു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും സാമൂഹികമായും സാംസ്കാരികമായും ഒരുമിച്ചു നിർത്താനും രാജ്യത്തെ മുമ്പോട്ടു നയിക്കാനുമുള്ള കാഴ്ചപ്പാടുകളുള്ള ഓരോ ചാവറയച്ചൻമാരെ ഓരോ സമൂഹത്തിനും ഇന്ന് ആവശ്യമുണ്ടെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

വിദ്യാഭ്യാസം, സാമൂഹ്യനീതി, സ്ത്രീശാക്തീകരണം തുടങ്ങിയ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങൾ മാതൃകയാക്കണമെന്നു മറ്റു സംസ്ഥാനങ്ങളോട് ഉപരാഷ്ട്രപതി അഭ്യർത്ഥിച്ചു. സമൂഹത്തിലെ ദരിദ്രവിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളുടേയും യുവജനങ്ങളുടേയും സാമൂഹ്യവിദ്യാഭ്യാസ മേഖലകളിലെ ശാക്തീകരണംവഴി എല്ലാ സംസ്ഥാനങ്ങൾക്കും ഈ മാതൃക പിന്തുടർന്നു പുരോഗതിയും വികസവും കൈവരിക്കാനാകുമെന്ന് ഈ വിപ്ലവകരമായ മാതൃക തെളിയിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ചിന്തകനും സാമൂഹ്യപ്രവർത്തകനും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന പണ്ഡിറ്റ് ദീനദയാൽ ഉപാധ്യായയുടെ അന്ത്യോദയ എന്ന കാഴ്ചപ്പാടുപോലെ, സമൂഹത്തിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള വിഭാഗത്തിലെ അവസാനയാളിലും ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള സാമൂഹ്യസാമ്പത്തിക വിഭാഗത്തിലും എത്തിച്ചേരുമ്പോൾ മാത്രമേ വികസനം എന്നതു സാർഥകമാകൂവെന്നും അദ്ദേഹം പറഞ്ഞു. വിദേശകാര്യ സഹമന്ത്രി ശ്രീ വി മുരളീധരൻ, കേരള സഹകരണരജിസ്ട്രേഷൻ മന്ത്രി ശ്രീ വി എൻ വാസവൻ, കേരള മുൻ മുഖ്യമന്ത്രിയും നിയമസഭാ സാമാജികനുമായ ശ്രീ ഉമ്മൻ ചാണ്ടി, പാർലമെന്റ് അംഗം ശ്രീ തോമസ് ചാഴിക്കാടൻ, കർമലൈറ്റ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് പ്രയർ ജനറൽ ശ്രീ റവ. തോമസ് ചാത്തംപറമ്പിൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# 29 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചു

ഇതുവരെ 42 പേരെ ഡിസ്ചാർജ് ചെയ്തു

സംസ്ഥാനത്ത് 29 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. തിരുവനന്തപുരം 10, ആലപ്പുഴ 7, തൃശൂർ 6, മലപ്പുറം 6 എന്നിങ്ങനെയാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഇതിൽ 25 പേർ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും രണ്ടു പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്. രണ്ട് പേർക്കാണ് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചത്.

തിരുവനന്തപുരത്ത് 9 പേർ യുഎഇയിൽ നിന്നും, ഒരാൾ ഖത്തറിൽ നിന്നും വന്നതാണ്. ആലപ്പുഴയിൽ 3 പേർ യുഎഇയിൽ നിന്നും 2 പേർ യുകെയിൽ നിന്നും, തൃശൂരിൽ 3 പേർ കാനഡയിൽ നിന്നും, 2 പേർ യഎഇയിൽ നിന്നും, ഒരാൾ ഈസ്റ്റ് ആഫ്രിക്കയിൽ നിന്നും, മലപ്പുറത്ത് 6 പേർ യുഎഇയിൽ നിന്നും വന്നതാണ്.

ഇതോടെ സംസ്ഥാനത്ത് ആകെ 181 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും ആകെ 52 പേരും ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 109 പേരും എത്തിയിട്ടുണ്ട്. 20 പേർക്കാണ് ആകെ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

ഒമിക്രോൺ ബാധിച്ച് ചികിത്സയിലായിരുന്ന 42 പേരെ ഇതുവരെ ഡിസ്ചാർജ് ചെയ്തു. എറണാകുളം 16, തിരുവനന്തപുരം 15, തൃശൂർ 4, ആലപ്പുഴ 3, പത്തനംതിട്ട, കോട്ടയം, മലപ്പുറം, കണ്ണൂർ ഒരാൾ വീതം എന്നിങ്ങനെയാണ് ഡിസ്ചാർജ് ചെയ്തത്. ഇതോടെ 139 പേരാണ് ചികിത്സയിലുള്ളത്.

# സംശയപ്രശ്ന പരിഹാര ക്ലിനിക്

വ്യവസായ സംരംഭകരുടെ സംശയപ്രശ്ന പരിഹാരം ലക്ഷ്യമാക്കി ജില്ലാ വ്യവസായ കേന്ദ്രം എം.എസ്.എം.ഇ ക്ലിനിക്കുകൾ രൂപീകരിക്കുന്നു. ഇതിനായുള്ള പാനലിലേക്ക് ബാങ്കിംഗ്, ജി.എസ്.ടി, അനുമതികളും ലൈസൻസുകളും, ടെക്നോളജി, മാർക്കറ്റിംഗ്, നിയമം, എക്സ്പോർട്ട്, ഡി.പി.ആർ തയ്യാറാക്കൽ എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സേവനത്തിന് സിറ്റിംഗ് ഫീസ് നൽകും. അതത് മേഖലകളിലെ വിദഗ്ധർക്കും വിരമിച്ചവർക്കും അവസരമുണ്ട്. വിശദ ബയോഡേറ്റയ്ക്കൊപ്പം അപേക്ഷ ജനുവരി ഏഴിനകം ആശ്രാമത്തുള്ള ജില്ലാ വ്യവസായ കേന്ദ്രത്തിലോ d-i-c-ko-l-l-am@gm-a-i-l.com വെബ്സൈറ്റിലോ സമർപ്പിക്കണം എന്ന് മാനേജർ കെ. എസ്. ശിവകുമാർ അറിയിച്ചു. ഫോൺ 9446300548.

## ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവ്

തിരുവനന്തപുരം, ചാക്ക ഗവ. ഐ.ടി.ഐയിൽ ഇഛരജഅ, സർവേയർ, മെക്കാനിക് ഓട്ടോ ബോഡി പെയിന്റിംഗ് പമ്പ് ഓപ്പറേറ്റർ കം മെക്കാനിക് എന്നീ ട്രേഡുകളിലേക്ക് താത്കാലികമായി ഗസ്റ്റ് ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് അസൽ സർട്ടിഫിക്കറ്റുമായി ചാക്ക ഗവ. ഐ.ടി.ഐ പ്രിൻസിപ്പൽ മുൻപാകെ ഇന്റർവ്യൂവിന് ഹാജരാകണം.

# സമയബന്ധിതമായി കുട്ടികളുടെ വാക്സിനേഷൻ പൂർത്തിയാക്കും: മന്ത്രി വീണാ ജോർജ്

## കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രം മന്ത്രി സന്ദർശിച്ചു

സമയബന്ധിതമായി കുട്ടികളുടെ വാക്സിനേഷൻ പൂർത്തിയാക്കാൻ സാധിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് പറഞ്ഞു. സംസ്ഥാനത്ത് 15നും 18നും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്ക് 551 വാക്സിനേഷൻ കേന്ദ്രങ്ങളാണുള്ളത്. മുതിർന്നവർക്കായി 875 വാക്സിനേഷൻ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

കുട്ടികൾക്കും മുതിർന്നവർക്കുമായി ആകെ 1426 കേന്ദ്രങ്ങളാണ് സജ്ജമാക്കിയത്. കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രത്തിൽ ആശയക്കുഴപ്പം ഉണ്ടാകാതിരിക്കാനായി പിങ്ക് നിറത്തിലുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ സംബന്ധിച്ചും വാക്സിനേഷൻ സംബന്ധിച്ചും ഗൈഡ്ലൈൻ പുറത്തിറക്കിയിട്ടുണ്ട്. കുട്ടികളിൽ നിന്നും അവരുടെ മാതാപിതാക്കളിൽ നിന്നുമുള്ള പ്രതികരണം പോസിറ്റീവാണെന്ന് മന്ത്രി പറഞ്ഞു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രം മന്ത്രി സന്ദർശിച്ചു.

കോഴിക്കോട് 1,34,590 , എറണാകുളം 1,97,900 , തിരുവനന്തപുരം 1,70,210 ഡോസുകൾ ഉൾപ്പെടെ ആകെ 5,02,700 ഡോസ് വാക്സിൻ എത്തിയിട്ടുണ്ട്. 1,45,530 ഡോസ് വാക്സിൻ കൂടി എത്തും.

വാക്സിൻ എടുത്ത് തീരുന്ന മുറയ്ക്ക് വീണ്ടും വാക്സിൻ നൽകുമെന്നാണ് കേന്ദ്രം അറിയിച്ചിരിക്കുന്നത്. സംസ്ഥാനത്തെ 18 വയസിന് മുകളിലുള്ളവരുടെ ആദ്യ ഡോസ് വാക്സിനേഷൻ ഇതുവരെ 98 ശതമാനവും രണ്ടാം ഡോസ് വാക്സിനേഷൻ 80 ശതമാനത്തോളവുമായി.

സ്കൂളുകളിൽ വാക്സിനെടുക്കാൻ അർഹതയുള്ള കുട്ടികളിൽ എത്ര പേർ എടുത്തിട്ടുണ്ടെന്നുള്ള ഡേറ്റ കൈമാറണമെന്ന് ആരോഗ്യ വകുപ്പ് വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും ചിട്ടയായ രീതിയിൽ വാക്സിനേഷൻ പൂർത്തിയാക്കുമെന്നാണ് കരുതുന്നത്.

സംസ്ഥാനത്ത് കഴിഞ്ഞ ദിവസം 45 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ഇതിൽ 9 പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും 32 പേർ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്. നാലു പേർക്കാണ് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചത്.

ഇന്ത്യയിൽ ഒമിക്രോൺ കൂടുന്ന സാഹചര്യത്തിൽ സംസ്ഥാനം വലിയ ജാഗ്രതയിലാണ് മുന്നോട്ട് പോകുന്നത്. കോവിഡ് വരാതെ എല്ലാവരും സൂക്ഷിക്കണം. അതോടൊപ്പം പ്രധാനമാണ് വാക്സിനെടുക്കുക എന്നുള്ളത്. അതുകൊണ്ട് ഈ ദിവസങ്ങൾ പ്രധാനമാണ്. അതനുസരിച്ചാണ് വാക്സിനേഷൻ ക്രമീകരണം ഏർപ്പെടുത്തിയിരിക്കുന്നത്. അതിനാണ് ശനിയും ഞായറും മുതിർന്നവരുടെ വാക്സിനേഷനായി പ്രത്യേക ഡ്രൈവ് നടത്തിയത്. എല്ലാവരും കോവിഡ് പ്രോട്ടോകോൾ പാലിക്കുകയും വാക്സിനെടുകയും വേണം.

തുടക്കത്തിൽ തന്നെ വ്യാപനം ഉണ്ടാകാതിരിക്കാനാണ് ശ്രമിക്കുന്നത്. ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്ന 84 പേർക്കാണ് ഒമിക്രോൺ ബാധിച്ചത്.

ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വരുന്നവർക്ക് 7 ദിവസം സ്വയം നിരീക്ഷണമാണ്. എങ്കിലും നിരീക്ഷണ സമയത്ത് വീട്ടിൽ നിന്നും പുറത്തിറങ്ങി ഷോപ്പിംഗ് മാളുകൾ, കല്യാണങ്ങൾ, പൊതു ചടങ്ങുകൾ എന്നിവിടങ്ങളിൽ പോകാനുള്ള സമയമല്ല. അവർക്ക് യാതൊരുവിധ സാമൂഹിക സമ്പർക്കങ്ങളും പാടില്ല. എല്ലാവരും ക്വാറന്റീൻ നിർബന്ധമായും പാലിക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

# 42,750 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് തറക്കല്ലിടും

ന്യൂഡൽഹി: പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2022 ജനുവരി 5 ന് പഞ്ചാബിലെ ഫിറോസ്പൂർ സന്ദർശിക്കുകയും ഉച്ചയ്ക്ക് 1 മണിക്ക് ഏകദേശം 42,750 കോടി രൂപയിലധികം വരുന്ന ഒന്നിലധികം വികസന പദ്ധതികൾക്ക് തറക്കല്ലിടുകയും ചെയ്യും. ഈ പദ്ധതികളിൽ ഡൽഹിഅമൃതസർകട്ര എക്സ്പ്രസ് വേ , അമൃതസർഉന ഭാഗത്തെ നാലുവരിപ്പാത, മുകേരിയൻ തൽവാര പുതിയ ബ്രോഡ് ഗേജ് റെയിൽവേ ലൈൻ, ഫിറോസ്പൂരിൽ പിജിഐ ഉപ കേന്ദ്രം , കപൂർത്തലയിലും ഹോഷിയാർപൂരിലും രണ്ട് പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങിയവ ഉൾപ്പെടുന്നു.

രാജ്യത്തുടനീളമുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്താനുള്ള പ്രധാനമന്ത്രിയുടെ നിരന്തരമായ ശ്രമം പഞ്ചാബിൽ ഒന്നിലധികം ദേശീയ പാത വികസന സംരംഭങ്ങൾ ഏറ്റെടുക്കുന്നതിലേക്ക് നയിച്ചു. 2014ൽ 1700 കിലോമീറ്ററായിരുന്ന സംസ്ഥാനത്തെ ദേശീയ പാതകളുടെ ആകെ നീളം 2021ൽ 4100 കിലോമീറ്ററായി ഇരട്ടിയിലധികം വർധിപ്പിക്കാൻ ഇത് സഹായകമായി. പ്രധാന മതകേന്ദ്രങ്ങളിലേക്കുള്ള പ്രവേശനം വർധിപ്പിക്കാനുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാട് പൂർത്തീകരിക്കുന്നതിനുള്ള ഒരു ചുവടുവെയ്പ്പ് കൂടിയാണിത്. 669 കിലോമീറ്റർ ദൈർഘ്യമുള്ള ഡൽഹിഅമൃതസർ കത്ര എക്സ്പ്രസ് വേ 39,500 കോടി രൂപ ചെലവിൽ വികസിപ്പിക്കും. ഡൽഹിയിൽ നിന്ന് അമൃതസറിലേക്കും കത്രയിലേക്കുള്ള യാത്രാസമയം പകുതിയായി കുറയും. സുൽത്താൻപൂർ ലോധി, ഗോയിൻദ്വാൾ സാഹിബ്, ഖദൂർ സാഹിബ്, തരൺ തരൺ, കത്രയിലെ വൈഷ്ണോ ദേവി എന്നീ പ്രധാന സിഖ് മതകേന്ദ്രങ്ങളെ ഗ്രീൻഫീൽഡ് എക്സ്പ്രസ് വേ ബന്ധിപ്പിക്കും. ഹരിയാന, ചണ്ഡീഗഡ്, പഞ്ചാബ്, ജമ്മു കശ്മീർ എന്നീ മൂന്ന് സംസ്ഥാനങ്ങളിലെ/കേന്ദ്രഭരണ പ്രദേശങ്ങളിലെ അംബാല, ചണ്ഡീഗഡ്, മൊഹാലി, സംഗ്രൂർ, പട്യാല, ലുധിയാന, ജലന്ധർ, കപൂർത്തല, കത്വ, സാംബ തുടങ്ങിയ പ്രധാന സാമ്പത്തിക കേന്ദ്രങ്ങളെയും ഈ അതിവേഗ പാത ബന്ധിപ്പിക്കും.

ഏകദേശം 1700 കോടി ചെലവിലാണ് അമൃതസർഉന ഭാഗത്തെ നാലുവരിയാക്കുന്നത്. വടക്കൻ പഞ്ചാബിന്റെയും ഹിമാചൽ പ്രദേശിന്റെയും രേഖാംശ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന വലിയ അമൃതസർ മുതൽ ഭോട്ടാ ഇടനാഴിയുടെ ഭാഗമാണ് 77 കിലോമീറ്റർ നീളമുള്ള ഭാഗം, നാല് പ്രധാന ദേശീയ പാതകളെ ബന്ധിപ്പിക്കുന്നു, അതായത് അമൃതസർഭട്ടിൻഡജാംനഗർ സാമ്പത്തിക ഇടനാഴി, ഡൽഹിഅമൃതസർകത്ര എക്സ്പ്രസ് വേ. സൗത്ത് കോറിഡോർ, കാൻഗ്രഹാമിർപൂർ ബിലാസ്പൂർഷിംല ഇടനാഴി. ഘോമാൻ, ശ്രീ ഹർഗോവിന്ദ്പൂർ, പുൽപുക്ത ടൗൺ (പ്രസിദ്ധമായ ഗുരുദ്വാര പുൽപുക്ത സാഹിബിന്റെ ഭവനം) എന്നിവിടങ്ങളിലെ മതപരമായ സ്ഥലങ്ങളുടെ കണക്റ്റിവിറ്റി മെച്ചപ്പെടുത്താൻ ഇത് സഹായിക്കും.

410 കോടിയിലധികം രൂപ ചെലവിൽ മുകേരിയനും തൽവാരയ്ക്കും ഇടയിൽ 27 കിലോമീറ്റർ നീളത്തിൽ നിർമിക്കുന്ന പുതിയ ബ്രോഡ് ഗേജ് റെയിൽവേ ലൈനിന്റെ തറക്കല്ലിടൽ പ്രധാനമന്ത്രി നിർവഹിക്കും. നംഗൽ അണക്കെട്ട്ദൗലത്പൂർ ചൗക്ക് റെയിൽവേ സെക്ഷന്റെ വിപുലീകരണമാണ് ഈ റെയിൽവേ ലൈൻ. ഇത് പ്രദേശത്ത് എല്ലാ കാലാവസ്ഥയും ഉള്ള ഗതാഗത മാർഗ്ഗം നൽകും. ഈ പദ്ധതിക്ക് തന്ത്രപ്രധാനമായ പ്രാധാന്യമുണ്ട്, കാരണം ഇത് ജമ്മു കശ്മീരിലേക്കുള്ള ഒരു ബദൽ റൂട്ടായി വർത്തിക്കും, ഇത് നിലവിലുള്ള ജലന്ധർജമ്മു റെയിൽവേ ലൈനുമായി മുകേരിയനിൽ ചേരും. പഞ്ചാബിലെ ഹോഷിയാർപൂരിലെയും ഹിമാചൽ പ്രദേശിലെ ഉനയിലെയും ജനങ്ങൾക്ക് ഈ പദ്ധതി പ്രത്യേകിച്ചും പ്രയോജനകരമാകും. ഇത് മേഖലയിലെ വിനോദസഞ്ചാരത്തിന് ഉത്തേജനം നൽകുകയും ഹിൽ സ്റ്റേഷനുകളിലേക്കും മതപരമായ പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്കും കണക്റ്റിവിറ്റി എളുപ്പമാക്കുകയും ചെയ്യും.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ലോകോത്തര മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കാനുള്ള പ്രധാനമന്ത്രിയുടെ ശ്രമത്തിന് അനുസൃതമായി, പഞ്ചാബിലെ മൂന്ന് പട്ടണങ്ങളിൽ പുതിയ മെഡിക്കൽ അടിസ്ഥാനസൗകര്യത്തിന് തറക്കല്ലിടും. ഫിറോസ്പൂരിലെ 100 കിടക്കകളുള്ള പിജിഐ ഉപ കേന്ദ്രത്തിന് 490 കോടിയിലധികം രൂപ ചെലവിൽ നിർമിക്കും. ഇന്റേണൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോപീഡിക്സ്, പ്ലാസ്റ്റിക് സർജറി, ന്യൂറോ സർജറി, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, പീഡിയാട്രിക്സ്, ഒഫ്താൽമോളജി, ഇഎൻടി, സൈക്യാട്രിഡ്രഗ് ഡിഅഡിക്ഷൻ തുടങ്ങി 10 സ്പെഷ്യാലിറ്റികളിൽ ഇത് സേവനങ്ങൾ നൽകും. സാറ്റലൈറ്റ് സെന്റർ ഫിറോസ്പൂരിലും സമീപ പ്രദേശങ്ങളിലും ലോകോത്തര മെഡിക്കൽ സൗകര്യങ്ങൾ ലഭ്യമാക്കും. കപൂർത്തലയിലെയും ഹോഷിയാർപൂരിലെയും രണ്ട് മെഡിക്കൽ കോളേജുകൾ ഏകദേശം 325 കോടി രൂപ വീതം ചിലവഴിച്ച് 100 സീറ്റുകളുള്ളതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ജില്ലാ/റഫറൽ ആശുപത്രികളോട് അനുബന്ധിച്ച് പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കൽ' എന്ന പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഈ കോളേജുകൾക്ക് അംഗീകാരം ലഭിച്ചു.

# അബ്കാരി തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള വിദേശമദ്യ, ബാർ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മക്കളിൽ 202021 വർഷം തുടർ വിദ്യാഭ്യാസ കോഴ്സുകളിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പ്, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള ലാപ്ടോപ്പ് എന്നിവ വിതരണം ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. റ്റി.റ്റി.സി, ഐ.റ്റി.ഐ/ഐ.റ്റി.സി, പ്ലസ്ടു, ഡിഗ്രി കോഴ്സ്, പോസ്റ്റ് ഗ്രാജ്വേറ്റ്, പ്രൊഫഷണൽ കോഴ്സുകൾ, വിവിധ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതും യോഗ്യതാ പരീക്ഷയിൽ 50 ശതമാനം മാർക്ക് വാങ്ങിയിട്ടുള്ളതുമായ അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളുടെ മക്കളായ വിദ്യാർഥി/ വിദ്യാർഥിനികൾ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മേഖലാ ഓഫീസുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്ന അപേക്ഷ ഫോം വാങ്ങി പൂരിപ്പിച്ച് അപേക്ഷയുടെ രണ്ട് പകർപ്പുകൾ, വിദ്യാർഥിയുടെ ബാങ്ക് പാസ് ബുക്ക്, യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരിയുടെ സാക്ഷ്യപ്പെടുത്തലോടുകൂടി ജനുവരി 31ന് വൈകിട്ട് 5ന് മുമ്പ് ബന്ധപ്പെട്ട മേഖലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർക്ക് അപേക്ഷ സമർപ്പിക്കണം.

പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾ എൻട്രൻസ് കമ്മീഷണറുടെ അലോട്ട്മെന്റിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ ലാപ്ടോപ്പ് വിതരണത്തിന് പരിഗണിക്കൂ. മറ്റുസംസ്ഥാനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളുടെ കോഴ്സുകൾ കേരള ഗവൺമെന്റ് അംഗീകൃതമാണെന്ന് സ്ഥാപന മേധാവി രേഖപ്പെടുത്തണം. ഒരു തവണ സ്കോളർഷിപ്പ് ലഭിച്ചവർ വീണ്ടും ആ കോഴ്സ് കാലയളവിൽ അപേക്ഷ സമർപ്പിക്കേണ്ടതില്ല. അപൂർണ്ണമായ അപേക്ഷകളോ നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകളോ ഒരു കാരണവശാലും പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക് അതത് മേഖലാ ഓഫീസുകളുമായി ബന്ധപ്പെടണം.

നോട്ടിക്കൽ ടൈംസ് കേരള



കെ.എസ്.ആർ.ടി.സിയുടെ ഫ്യുവൽ പമ്പുകൾ പൊതുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയുടെ രണ്ടാം ഘട്ടമായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ പമ്പുകൾ കൂടി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് വേണ്ടിയുള്ള ധാരണാപത്രം മന്ത്രി ആന്റണി രാജുവിന്റെ സാന്നിധ്യത്തിൽ കെ.എസ്.ആർ.ടി.സി സിഎംഡി ബിജു പ്രഭാകർ ഐ.എ.എസും, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ചീഫ് റീജണൽ മാനേജർ (റീട്ടെയിൽ) അംജാദ് മുഹമ്മദും ഒപ്പ് വെച്ചു കൈമാറുന്നു.

# ജില്ലാ വികസന സമിതി യോഗം

# കെ.എസ് . ആർ . ടി . സി. ബസ് സർവീസുകൾ വീണ്ടും തുടങ്ങും

കോവിഡ് പശ്ചാത്തലത്തിൽ വെട്ടിക്കുറച്ച ഗ്രാമീണ മേഖലയിലെ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ വീണ്ടും തുടങ്ങാൻ തീരുമാനിച്ച് ജില്ലാ വികസന സമിതി യോഗം.

ജില്ലാ കലക്ടർ അഫ്സാന പർവീണിന്റെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന യോഗത്തിൽ ജനപ്രതിനിധികൾ പൊതുവായി ഉന്നയിച്ച വിഷയം എന്ന നിലയ്ക്ക് അടിയന്തര നടപടിയാണ് സ്വീകരിക്കുക.

സ്കൂൾ തുറന്നതോടെ കിഴക്കൻ മേഖലയിലെയും ഇതര ഗ്രാമപ്രദേശങ്ങളിലേയും വിദ്യാർത്ഥികൾ യാത്രാക്ലേശം നേരിടുകയാണെന്ന് എം.എൽ. എ മാരായ കോവൂർ കുഞ്ഞുമോൻ, സുജിത്ത് വിജയൻ പിള്ള, സി. ആർ. മഹേഷ് എന്നിവർ ചൂണ്ടിക്കാട്ടി. പരിഹാരം കാണാൻ ആർ. ടി. ഒയ്ക്ക് നിർദ്ദേശവും നൽകി.

ഒമിക്രോൺ ഭീഷണി നേരിടുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

പാരിപ്പള്ളി മെഡിക്കൽ കോളേജിൽ പോസ്റ്റുമോർട്ടത്തിന്റെ ഫലം വരുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടു. ദ്രവപരിശോധന ഫലം ലഭ്യമാകുന്ന മുറയ്ക്ക് പോസ്റ്റുമോർട്ടം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് നൽകുമെന്ന് ആശുപത്രി സൂപ്രണ്ട് മറുപടി നൽകി.

കരുനാഗപ്പള്ളി, ആലപ്പാട് മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾക്ക് തീരുമാനമായി. പുലമൺ തോടിന്റെ വശങ്ങളിലെ അനധികൃത കയ്യേറ്റം തടയുന്നതിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകും.

ജില്ലയിൽ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ 82.31 ശതമാനം വിനിയോഗിച്ചതായി ജില്ലാ പ്ലാനിംഗ് ഓഫീസർ വ്യക്തമാക്കി. ഭരണഘടനാ സാക്ഷരത ഉറപ്പാക്കുന്ന സിറ്റിസൺ പദ്ധതിയുടെ പ്രാധാന്യവും യോഗത്തിൽ വിശദീകരിച്ചു.

കൊടിക്കുന്നിൽ സുരേഷ് എം.പിയുടെ പ്രതിനിധി എബ്രഹാം സാമുവൽ, കെ.ബി. ഗണേഷ് കുമാർ എം.എൽ.എയുടെ പ്രതിനിധി പി. എ. സജിമോൻ, എ.ഡി.എം എൻ. സാജിതാ ബീഗം, ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ. പ്രസാദ്, വിവിധ വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ

കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ സുനിത വിമൽ ജനുവരി 4, 11, 18 തീയതികളിൽ പുനലൂരിലും മറ്റു പ്രവർത്തി ദിവസങ്ങളിൽ ആസ്ഥാനത്തും തൊഴിൽ തർക്ക കേസുകൾ, എംപ്ലോയീസ് ഇൻഷുറൻസ് കേസുകൾ, എംപ്ലോയീസ് കോമ്പൻസേഷൻ കേസുകൾ എന്നിവയുടെ വിചാരണ നടത്തും.

## സർവ്വകക്ഷിയോഗം ആറിന്

പൊതുഇടങ്ങളിൽ അനധികൃതമായി സ്ഥാപിച്ചിട്ടുള്ള കൊടിമരങ്ങളും സ്തൂപങ്ങളും നീക്കം ചെയ്യുന്നത് സംബന്ധിച്ച് ജനുവരി ആറിന് വൈകീട്ട് 3.30 ന് സർവകക്ഷിയോഗം ചേരും.

# കെ.എസ്.ആർ.ടി.സി യാത്രാ ഫ്യൂവൽസ് കൂടുതൽ സ്ഥലങ്ങളിലേക്ക്

തിരുവനന്തപുരം; കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാ?ഗമായി കെ.എസ്.ആർ.ടി.സിയുടെ ഫ്യുവൽ പമ്പുകൾ പൊതുജനങ്ങൾക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിന് വേണ്ടി ആരംഭിച്ച പദ്ധതിയുടെ രണ്ടാം ഘട്ടമായി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ പമ്പുകൾ കൂടി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിന് ധാരണയായി. വികാസ്ഭവൻ, തൊടുപുഴ, വൈക്കം, മലപ്പുറം എന്നീ നാല് ഡിപ്പോകളിലെ ഹിന്ദുസ്ഥാൻ പെട്രോളിയം പമ്പുകൾ കൂടി പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുന്നതിനുള്ള ധാരണാപത്രം മന്ത്രി ആന്റണി രാജുവിന്റെ സാന്നിധ്യത്തിൽ കെ.എസ്.ആർ.ടി.സി സിഎംഡി ബിജു പ്രഭാകർ ഐ.എ.എസും, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ചീഫ് റീജണൽ മാനേജർ (റീട്ടെയിൽ) അംജാദ് മുഹമ്മദും ഒപ്പ് വെച്ചു.

നേരത്തെ ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് തിരുവനന്തപുരം സിറ്റി, കിളിമാനൂർ, ചടയമം?ഗലം, ചേർത്തല, മൂവാറ്റുപുഴ, ചാലക്കുടി, മൂന്നാർ, കോഴിക്കോട് എന്നിവിടങ്ങളിൽ ആരംഭിച്ച കെ.എസ്.ആർ.ടി.സി യാത്രാ ഫ്യൂവൽസ് ഔട്ട്ലെറ്റുകൾ വൻ വിജയമായതിനെ തുടർന്നാണ് കൂടുതൽ സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി യാത്രാ ഫ്യൂവൽസ് ഔട്ട്ലെറ്റുകൾ ആരംഭിക്കുന്നത്.

കെഎസ്ആർടിസിയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് അപ്പുറം പൊതുജനങ്ങൾക്ക് ?ഗുണനിലവാരമുള്ള ഇന്ധനം നൽകുകയെന്ന സർക്കാർ നയവും ഈ പദ്ധതിക്ക് പിന്നിലുണ്ടെന്ന് മന്ത്രി ആന്റണി രാജു പറഞ്ഞു. കെ എസ് ആർ ടി സി ഫ്യുവൽ പമ്പുകൾ പൂട്ടിക്കാൻ സ്വകാര്യ ലോബി ശ്രമിക്കുന്നുണ്ട്. അതിന് വേണ്ടി അവർ അനാവശ്യ തടസങ്ങൾ ഉണ്ടാക്കുന്നു. ഇതിനെതിരെ കോടതിയിൽ പോയിട്ടും തടസപ്പെടുത്താനായില്ല.

ഇപ്പോൾ മറ്റ് മാർഗങ്ങൾ നോക്കുകയാണ്. എന്തൊക്കെ തടസം ഉണ്ടായാലും പമ്പുകൾ തുറന്ന് ജനങ്ങൾക്ക് ?ഗുണനിലവാരമുള്ള ഇന്ധനം ഉറപ്പാക്കുകയാണ് ലക്ഷ്യം.

കെഎസ്ആർടിസി ബസുകൾ സിഎൻജിയിലേക്ക് മാറാൻ നിലവിലെ സാഹചര്യത്തിൽ ആശങ്കയുണ്ട്. സിഎൻജിയുടെ വില വർദ്ധനവാണ് കാരണം. ന?ഗരങ്ങളിൽ സർവ്വീസ് നടത്തുന്ന ബസുകൾ കാലക്രമേണ ഇലക്ട്രിക് ബസുകളിലേക്ക് മാറ്റാനാണ് തീരുമാനം. അതിന്റെ ആദ്യ ഘട്ടമായി പുതുതയായി വാങ്ങുന്ന 50 ഇലക്ട്രിക് ബസുകൾ തിരുവനന്തപുരത്തെ സിറ്റി സർക്കിൾ സർവ്വീസിന് നൽകുമെന്നും മന്ത്രി പറഞ്ഞു.

സർക്കാർ നേരത്തെ പ്രഖ്യാപിച്ചത് പോലെ ജനുവരി മാസത്തെ ശമ്പളം പുതുക്കി നിരക്കിൽ തന്നെ നൽകും.

ടിക്കറ്റ് ചാർജ് വർദ്ധനവ് ഈ മാസം അവസാനത്തോടെ തീരുമാനമാക്കുകയും ചെയ്യും. പല സ്ഥലങ്ങളിലും കണ്ടം ചെയ്യാവുന്ന ബസുകളുടെ ഫോട്ടോയെടുത്ത് വ്യാജ പ്രചരണങ്ങൾ നടത്തി വരുകയാണ്. കാലപ്പഴക്കമുള്ള 1000 രത്തോളം ബസുകൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കി കണ്ടം ചെയ്യും. പലരും കാര്യമറിയാതെയാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ ഉടനീളമുള്ള കെഎസ്ആർടിസിയുടെ ഫ്യുവൽ പമ്പുകൾ പൊതുജനങ്ങൾക്ക് കൂടെ പ്രയോജനകരമാക്കാനായി തുറന്ന് കൊടുക്കുകയാണ് ലക്ഷ്യമെന്ന് കെഎസ്ആർടിസി സിഎംഡി ബിജുപ്രഭാകർ ഐഎഎസും പറഞ്ഞു. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ചീഫ് റീജണൽ മാനേജർ (റീട്ടെയിൽ) അംജാദ് മുഹമ്മദ് സ്വാ?ഗതവും , കെഎസ്ആർടിസി ഫിനാൻസ് ഓഫീസർ എം. ഷാജി നന്ദിയും അറിയിച്ചു.

# മത്സ്യയാനങ്ങളുടെ പരിശോധന 16ന്

മണ്ണെണ്ണ ഇന്ധനമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന യാനങ്ങളുടെയും എൻജിനുകളും ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് എന്നിവയിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 16ന് രാവിലെ എട്ട് മണി മുതൽ വൈകുന്നേരം അഞ്ച് മണി വരെ പരിശോധിക്കും. സംസ്ഥാനത്തൊട്ടാകെ നിശ്ചിത കേന്ദ്രങ്ങളിലാണ് പരിശോധനയെന്ന് ഫിഷറീസ് വകുപ്പ് ഡയറക്ടർ അറിയിച്ചു. വള്ളങ്ങൾ ഒമ്പത് തീരദേശ ജില്ലകളിലെയും പരിശോധന കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാക്കണം. സംയുക്ത പരിശോധനക്ക് ഹാജരാകാത്ത എൻജിനുകൾക്ക് മത്സ്യബന്ധനത്തിനായുള്ള മണ്ണെണ്ണ പെർമിറ്റ് അനുവദിക്കില്ല. കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു യാനത്തോടൊപ്പം ഒരാൾക്ക് മാത്രമേ പരിശോധനാ കേന്ദ്രത്തിൽ പ്രവേശനം അനുവദിക്കൂ. 10 വർഷം വരെ കാലപ്പഴക്കമുള്ള എൻജിനുകൾ പരിശോധനക്ക് ഹാജരാക്കാം. പരിശോധനക്ക് ഹാജരാക്കുന്ന യാനങ്ങൾക്കും എഞ്ചിനുകൾക്കും രജിസ്ട്രേഷൻ, മത്സ്യബന്ധന ലൈസൻസ്, എഫ്.ഐ.എം.എസ് (ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം) രജിസ്ട്രേഷൻ എന്നിവ നിർബന്ധമാണ്. ഒരു വ്യക്തിക്ക് പരമാവധി രണ്ടു എൻജിനുകൾക്കു മാത്രമേ പെർമിറ്റ് അനുവദിക്കൂ. അപേക്ഷാ ഫോം ജില്ലകളിലെ മത്സ്യഭവനുകൾ, മത്സ്യഫെഡ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം 8ന് വൈകുന്നേരം അഞ്ച് മണിക്ക് മുൻപ് അതാതു മത്സ്യഭവനുകളിൽ ലഭിക്കണം. സംയുക്ത പരിശോധനയുമായി ബന്ധപ്പെട്ടു 8,9 തീയതികളിൽ സംസ്ഥാനത്തെ തീരദേശത്തു പ്രവർത്തിക്കുന്ന എല്ലാ മത്സ്യഭവനുകളും മറ്റ് ഫിഷറീസ് ഓഫീസുകളും പ്രവർത്തിക്കും.

# സ്കോളർഷിപ്പിന് 15 വരെ അപേക്ഷിക്കാം

202122 അധ്യയന വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോരിറ്റി സ്റ്റുഡന്റ്സ് സ്കീം, ഭിന്നശേഷി വിഭാഗക്കാർക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് അപേക്ഷകൾ 15 വരെ ഓൺലൈനായി സ്വീകരിക്കും.

അപേക്ഷ സമർപ്പിക്കുന്നതിനായി സംസ്ഥാനത്തെ ബന്ധപ്പെട്ട മുഴുവൻ ഇൻസ്റ്റിറ്റ്യൂട്ട് നോഡൽ ഓഫീസർ (ഐ.എൻ.ഒ) മാരും അവരവരുടെ ആധാർ നമ്പർ ഉപയോഗിച്ച് നാഷണൽ സ്കോളർഷിപ്പ് പോർട്ടലിൽ (എൻ.എസ്.പി) കെ.വൈ.സി രജിസ്ട്രേഷൻ എത്രയും വേഗം എടുക്കണം. കെ.വൈ.സി രജിസ്ട്രേഷൻ എടുക്കാത്ത ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് എൻ.എസ്.പി വഴി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് അപേക്ഷകൾ സമർപ്പിക്കാനാവില്ല.

ആധാർ കാർഡിലെ തെറ്റുകൾ തിരുത്തിയതിന്റെ ഭാഗമായി ആധാർ കാർഡിൽ വ്യത്യാസങ്ങൾ വന്നിട്ടുള്ളവർക്ക് റിന്യൂവൽ അപേക്ഷ സമർപ്പിക്കാം.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഫോർ മൈനോറിറ്റി സ്റ്റുഡന്റ്സ് സ്കീം ഫ്രഷ്, റിന്യൂവൽ അപേക്ഷകർക്ക് തൊട്ടു മുൻവർഷത്തെ പരീക്ഷയിൽ 50 ശതമാനം മാർക്ക് നേടിയിരിക്കണമെന്ന വ്യവസ്ഥയിൽ ഈ അധ്യയന വർഷം ഇളവു നൽകിയിട്ടുണ്ട്.

അപേക്ഷ സമർപ്പണം, കെ.വൈ.സി രജിസ്ട്രേഷൻ സ്കോളർഷിപ്പിന്റെ മാനദണ്ഡങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ൦൦൦.റല രെവീഹമൃവെശു.സല്യമഹ മ.ഴീ.ശി ൽ ലഭിക്കും. ഫോൺ: 9446096580, 0471 2306580. ഇമെയിൽ: postmtaricscholarship@gmail.com

# അദാലത്ത് നടത്തും

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളിൽ അഞ്ചു വർഷത്തിൽ താഴെ കുടിശ്ശിക വരുത്തിയിട്ടുള്ളവർക്ക് പിഴപ്പലിശ ഒഴിവാക്കി അംശാദായം അടച്ച് അംഗത്വം സ്ഥാപിക്കുന്നതിനും പുതിയതായി അംഗങ്ങളെ ക്ഷേമപദ്ധതികളിൽ ചേർക്കുന്നതിനുമായി ജില്ലാ/ഉപകാര്യാലയങ്ങളിൽ അദാലത്തുകൾ നടത്തുമെന്ന് ചെയർമാൻ അറിയിച്ചു. അദാലത്ത് തീയതികൾ ചുവടെ.

ജില്ലാ ഓഫീസ്: ജനുവരി 12, ഫെബ്രുവരി 10, മാർച്ച് 10, കരുനാഗപ്പള്ളി: ജനുവരി 27, ഫെബ്രുവരി 8, മാർച്ച് 22, കുണ്ടറ : ജനുവരി 19, ഫെബ്രുവരി 18, മാർച്ച് 16, ചാത്തന്നൂർ : ജനുവരി 17, ഫെബ്രുവരി 25, മാർച്ച് 18, കൊട്ടാരക്കര: ഫെബ്രുവരി നാല്, മാർച്ച് എട്ട്, മാർച്ച് 28, പുനലൂർ: ജനുവരി 24, ഫെബ്രുവരി 21, മാർച്ച് 26, അഞ്ചൽ : ജനുവരി 31, മാർച്ച് 5, മാർച്ച് 30, ആയൂർ: ജനുവരി 14, ഫെബ്രുവരി 23, മാർച്ച് 14, കടയ്ക്കൽ: ജനുവരി 21, ഫെബ്രുവരി 15, മാർച്ച് 24.

# ഫോട്ടോഗ്രാഫി ദർഘാസ് ക്ഷണിച്ചു

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), 202122 സാമ്പത്തിക വർഷത്തെ, മ്യൂസിയം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായി ഫോട്ടോഗ്രാഫിയിൽ അഭിരുചിയുള്ളവരിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചു. അടങ്കൽ തുക അഞ്ച് ലക്ഷം രൂപ. ഏതെങ്കിലും ഒരു അംഗീകൃത സർവകലാശാലയിൽ നിന്നും 50 ശതമാനം മാർക്കിൽ കുറയാത്ത ബിരുദം, പ്രൊഫഷണൽ ഫോട്ടോഗ്രാഫിയിൽ കുറഞ്ഞത് ഒരു വർഷത്തെ പ്രവൃത്തിപരിചയം എന്നിവ ഉണ്ടാവണം. മ്യൂസിയവുമായി ബന്ധപ്പെട്ട ഫോട്ടോഗ്രാഫിയിലെ പ്രാവീണ്യം അഭികാമ്യ യോഗ്യതയാണ്. ജോലി ചെയ്യുന്ന ദിവസങ്ങളിൽ മാത്രം 2000 രൂപ വീതം ഹോണറേറിയം ലഭിക്കും. ഫോട്ടോഗ്രാഫിയിലെ അഭിരുചി, അക്കാദമിക്/ അല്ലാത്തവ എന്നീ യോഗ്യതകൾ, എന്തെങ്കിലും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയവ ഉൾപ്പെട്ട പ്രൊഫോർമ/ പോർട്ട്ഫോളിയോ ടെൻഡറിനൊപ്പം നൽകണം. അപേക്ഷാ കവറിന് മുകളിൽ ഫോട്ടോഗ്രാഫിക്കുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തണം. വിശദവിവരങ്ങൾക്ക്: 04952356805.

# 152.52 കോടിയിൽ അധികം വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. എല്ലാവർക്കും കോവിഡ്19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21നാണ് തുടക്കമായത്.

പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു.

രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്.

കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവൺമെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും.

കേന്ദ്ര ഗവൺമെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 152.52 കോടിയിലധികം (1,52,52,23,275) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്.

19.84 കോടിയിൽ അധികം (19,84,31,861) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്.

# സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചു

പട്ടികജാതി വികസന വകുപ്പിൽ കുക്ക് (വൺ എൻ. സി. എമുസ്ലിം) (കാറ്റഗറി നമ്പർ 180/2019) സാധ്യതാപട്ടിക പ്രസിദ്ധീകരിച്ചതായി ജില്ലാ പി. എസ്. സി ഓഫീസർ അറിയിച്ചു.

# ഭിന്നശേഷിക്കാർക്കും കമ്പ്യൂട്ടർ കോഴ്സ്

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ പരിധിയിലുള്ള സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ എൽ.ബി.എസ് കൊല്ലം മേഖലാ കേന്ദ്രത്തിൽ ജനുവരി 12 ന് ആരംഭിക്കുന്ന ഡേറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സിലേക്ക് എസ്. എസ്. എൽ. സി. യോഗ്യതയുള്ള ഭിന്നശേഷിയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. രലറ.സെല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ നിന്നും ഓഫീസിൽനിന്ന് നേരിട്ടും അപേക്ഷ ലഭിക്കും. ജനുവരി 10 ന് മുമ്പ് അപേക്ഷകൾ മേഖല കേന്ദ്രത്തിൽ ലഭിക്കണം. ഫോൺ0474 2970780.

# പെറ്റ് ഷോപ്പ് റൂൾ പ്രായോഗികതയോടെ നടപ്പിലാക്കും മന്ത്രി ചിഞ്ചുറാണി

കേന്ദ്ര സർക്കാരിന്റെ പെറ്റ് ഷോപ്പ് നിയമങ്ങൾ പ്രായോഗികതയോടെ സംസ്ഥാനം നടപ്പിലാക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. കൊട്ടിയത്ത് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നടത്തിയ മൃഗക്ഷേമ ബോധവത്കരണ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പെറ്റ്ഷോപ്പ് റൂൾ കൂടി മുന്നിൽ കണ്ടാണ് സംസ്ഥാന മൃഗക്ഷേമ ബോർഡ് പ്രവർത്തിക്കുക. നിലവിൽ അയ്യായിരത്തോളം അരുമമൃഗപക്ഷി വില്പന കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്. ഇവയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കർശനമായ ചട്ടങ്ങളും നിയമങ്ങളുമാണ് കേന്ദ്ര നിയമത്തിലുള്ളത്. മൃഗക്ഷേമ ബോർഡിനാണ് രജിസ്ട്രേഷൻ നല്കുന്നതിനുള്ള അധികാരം. സംരംഭകർക്ക് ബുദ്ധിമുട്ടില്ലാത്ത വിധം രജിസ്ട്രേഷൻ പൂർത്തിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സാം കെ. ഡാനിയൽ അധ്യക്ഷനായി. മികച്ച ക്ഷേമപ്രവർത്തകയായ പുത്തൂർ സ്വദേശി ജയയ്ക്ക് 10000 രൂപയുടെ പുരസ്കാരം മന്ത്രി സമ്മാനിച്ചു. മൃഗക്ഷേമ ബോർഡംഗം ഹണി പരിശീലനകിറ്റ് നല്കി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എൻ. സദാനന്ദൻ പിള്ള, ജില്ലാ പഞ്ചായത്തംഗം ശ്രീജ ഹരീഷ്, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ.സുജ റ്റി. നായർ, ചീഫ് വെറ്ററിനറി ഓഫീസർ ഡോ.ബിന്ദു ഡി.എസ്, ഡോ.എസ് പ്രിയ, ഡോ. ഡി. ഷൈൻ കുമാർ, ഡോ. സിന്ധു കെ.എസ്. എന്നിവർ സംസാരിച്ചു.

## സാമൂഹ്യ സുരക്ഷാമിഷൻ സമാശ്വാസം പദ്ധതി

കേരള സാമൂഹ്യ സുരക്ഷാമിഷന്റെ സമാശ്വാസം പദ്ധതിയിലെ നിലവിൽ ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കളും ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ആധാർ ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് പാസ്ബുക്ക്, ബി.പി.എൽ റേഷൻകാർഡ്, ആധാർ എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മേൽവിലാസം ഉൾപ്പെടെയുള്ള ലൈഫ് സർട്ടിഫിക്കറ്റ്, ഗുണഭോക്താവിന്റെ ഫോൺ നമ്പർ എന്നിവ സൈൊമൊമംെമമൊ@ഴാമശഹ.രീാ ൽ ലഭ്യമാക്കണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 04712341200, 9496395010.

# ഫീച്ചർ ഫിലിം നിർമ്മിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 202122 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല.

കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.

# തീയതി നീട്ടി

ഐ. എച്ച്. ആർ. ഡിയുടെ കുണ്ടറ എക്സ്റ്റൻഷൻ സെന്ററിൽ ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ ഡേറ്റാ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (യോഗ്യത എസ്.എസ്.എൽ.സി.), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ആറു മാസം, യോഗ്യത പ്ലസ് ടു), പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഒരു വർഷം, യോഗ്യ ഏതെങ്കിലും അംഗീകൃത സർവകലാശാലാ ബിരുദം), സർട്ടിഫിക്കറ്റ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (ആറുമാസം, യോഗ്യത എസ്.എസ്.എൽ.സി.) എന്നീ കോഴ്സുകളിലേക്കുള്ള അപേക്ഷാ തീയതി ജനുവരി 15 വരെ നീട്ടി. എസ്.സി, എസ്.ടി, ഒ.ഇ.എസി. വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം ലഭിക്കും. വിവരങ്ങൾക്ക് 04742580462, 8547005090.



കെ ആർ നാരായണന്റെ ഔദ്യോഗിക കാലത്തെ പ്രസംഗങ്ങളുടെ സമാഹാര ഗ്രന്ഥങ്ങൾ കെ ആർ നാരായണൻ ഫൗണ്ടേഷൻ രക്ഷാധികാരി ഡോ ജസ്റ്റീസ് കെ നാരാണക്കുറുപ്പ്, ചെയർമാൻ എബി ജെ ജോസ് എന്നിവർ ചേർന്നു ഉപരാഷ്ട്രപതി എം വെങ്കയ്യ നായിഡുവിന് സമ്മാനിക്കുന്നു. വൈസ് ചെയർമാൻ ഡോ സിന്ധുമോൾ ജേക്കബ്, ഡോ സെബാസ്റ്റ്യൻ നരിവേലി എന്നിവർ സമീപം.

# ട്രെയിൻ യാത്രക്കാരനെ ചവിട്ടിയ സംഭവം: അന്വേഷണത്തിന് ഉത്തരവിട്ടു

കണ്ണൂർ: ടിക്കറ്റില്ലാതെ യാത്ര ചെയ്തെന്നാരോപിച്ച് ട്രെയിനിൽ പോലീസ് ഉദ്യോഗസ്ഥൻ യാത്രക്കാരനെ മർദ്ദിച്ചതായി പരാതി. എഎസ്ഐ പ്രമോദാണ് മാവേലി എക്സ്പ്രസിൽ വെച്ച് യാത്രക്കാരനെ ബൂട്ടിട്ട് ചവിട്ടിയത്. യാതൊരു പ്രകോപനവുമില്ലാതെ എഎസ്ഐ യാത്രക്കാരനെ ബൂട്ടിട്ട് ചവിട്ടുകയും മർദ്ദിക്കുകയും ചെയ്തു എന്നാണ് പരാതി.

മംഗലാപുരത്തുനിന്ന് തിരുവനന്തപുരത്തേക്ക് പോയ മാവേലി എക്സ്പ്രസ് ഇന്നലെ രാത്രി തലശ്ശേരി പിന്നിട്ടപ്പോഴാണ് സംഭവം. യാത്രക്കാരൻ മദ്യപിച്ച് ബഹളമുണ്ടാക്കുകയും യാത്രക്കാരോട് മോശമായി പെരുമാറുകയും ചെയ്തെന്നാണ് പോലീസ് പറയുന്നത്.

തുടർന്ന് യാത്രക്കാർ വിവരം ടിടിയെ അറിച്ചു. ടിടി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയും അതിന് സാധിക്കാതെ വരുകയും ചെയ്തപ്പോഴാണ് പോലീസ് സഹായം തേടിയതെന്നാണ് വിവരം. പോലീസ് എത്തി ഇയാളെ ഇറക്കിവിടാൻ ശ്രമിക്കുകയായിരുന്നു. ഇയാളെ പോലീസുകാരൻ ബൂട്ട് ഇട്ട് ചവിട്ടുന്നതിന്റേയും തള്ളി നീക്കുന്നതിന്റേയും ദൃശ്യങ്ങളാണ് പുറത്ത് വന്നിരിക്കുന്നത്. ട്രെയിൻ യാത്രക്കാരിൽ ഒരാളാണ് ദൃശ്യങ്ങൾ പകർത്തിയത്.

യാത്രക്കാരനെ എഎസ്ഐ മർദ്ദിച്ച സംഭവം അന്വേഷിക്കാൻ സ്പെഷൽ ബ്രാഞ്ച് എസിപിയെ ചുമതലപ്പെടുത്തിയതായി കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ ആർ.ഇളങ്കോ പറഞ്ഞു. മനുഷ്യ അന്തസിന് മാന്യത കൽപ്പിക്കാത്ത പെരുമാറ്റമാണ് ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് ഉണ്ടായതെന്നാണ് പ്രഥമദൃഷ്ടിയിൽ വ്യക്തമാക്കുന്നതെന്നും ഇളങ്കോ അറിയിച്ചു. റിപ്പോർട്ട് വരുന്ന മുറക്ക് അധികാര പരിധി നോക്കി അച്ചടക്ക നടപടി ആവശ്യമെങ്കിൽ അതിലേക്ക് നീങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

നേരത്തെ, പുതുവർഷത്തലേന്ന് മദ്യവുമായി താമസസ്ഥലത്തേക്കുപോയ വിദേശിയെ പോലീസ് അവഹേളിച്ചെന്ന പരാതിയിൽ വ്യാപക വിമർശനമുയർന്നിരുന്നു. സംഭവത്തിൽ കോവളം പോലീസ് സ്റ്റേഷനിലെ ഗ്രേഡ് എസ്ഐ ഷാജിയെ സസ്പെൻഡ് ചെയ്തതിന് പിന്നാലെ എസ്ഐ അടക്കം മൂന്ന് പോലീസുകാർക്കെതിരേ വകുപ്പുതല അന്വേഷണത്തിന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ നിർദേശം നൽകിയിരുന്നു. കോവളത്തെ സംഭവത്തിന് പിന്നാലെയാണ് കണ്ണൂരിൽ നിന്നുള്ള വാർത്ത പുറത്ത് വരുന്നത്.




# കെ ആർ നാരായണന്റെ സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടും: ഉപരാഷ്ട്രപതി

കൊച്ചി: കെ ആർ നാരായണന്റെ സേവനങ്ങൾ എക്കാലവും സ്മരിക്കപ്പെടുമെന്ന് ഉപരാഷ്ട്രപതി എം വെങ്കയ്യനായിഡു പറഞ്ഞു. കെ ആർ നാരായണൻ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ കെ ആർ നാരായണന്റെ ഔദ്യോഗിക കാലത്തെ തെരഞ്ഞെടുത്ത പ്രസംഗങ്ങളുടെ സമാഹാര ഗ്രന്ഥങ്ങൾ സ്വീകരിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കെ ആർ നാരായണൻ തലമുറകൾക്കു മാതൃകയും പ്രചോദനവുമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. എറണാകുളം ഗസ്റ്റ് ഹൗസിൽ നടന്ന ചടങ്ങിൽ ഫൗണ്ടേഷൻ ചെയർമാൻ എബി ജെ ജോസ് അധ്യക്ഷത വഹിച്ചു. മുഖ്യ രക്ഷാധികാരി ഡോ ജസ്റ്റീസ് കെ നാരായണക്കുറുപ്പ്, വൈസ് ചെയർമാൻ ഡോ സിന്ധുമോൾ ജേക്കബ്, ഡോ സെബാസ്റ്റ്യൻ നരിവേലി, സാംജി പഴേപറമ്പിൽ തുടങ്ങിയവർ പങ്കെടുത്തു.

കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള പബ്ളിക്കേഷൻ ഡിവിഷൻ തയ്യാറാക്കി കെ ആർ നാരായണൻ ഫൗണ്ടേഷനു കൈമാറിയതാണ് കെ ആർ നാരായണന്റെ ഔദ്യോഗികകാലത്തെ തെരഞ്ഞെടുത്ത പ്രസംഗങ്ങളുടെ സമാഹാര ഗ്രന്ഥങ്ങൾ. രണ്ടു വാള്യങ്ങളിലായി 719 പേജുകളുള്ള പുസ്തകങ്ങളിൽ കെ ആർ നാരായണന്റെ 160 ൽ പരം പ്രസംഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആയിരത്തിൽപരം പുസ്തകങ്ങളാണ് ഫൗണ്ടേഷനു കൈമാറിയത്. കോട്ടയം ജില്ലയിലെ കോളജ് ലൈബ്രറികൾക്കു സൗജന്യമായി ഈ ഗ്രന്ഥസമാഹാരങ്ങൾ നൽകുവാൻ ഫൗണ്ടേഷൻ തീരുമാനിച്ചിട്ടുണ്ട്.

# കടലിൽ കാണാതായ വള്ളവും മത്സ്യത്തൊഴിലാളികളെയും കണ്ടെത്തി

പൊന്നാനി: ആശങ്കകൾക്കറുതിയായി മത്സ്യബന്ധനത്തിനിടെ കാണാതായ ഫൈബർ വള്ളവും മത്സ്യത്തൊഴിലാളികളേയും കണ്ടെത്തി. എൻജിൻ തകരാറു മൂലം കടലിൽ അപകടത്തിപ്പെട്ട മൂന്നുപേരെ രക്ഷപ്പെടുത്തി സുരക്ഷിതമായി കരയ്ക്കെത്തിച്ചു.

പൊന്നാനി ഹാർബറിൽ നിന്നു വെള്ളിയാഴ്ച മത്സ്യബന്ധനത്തിനു പോയ ഒബിഎം എന്ന ചെറുവള്ളവും ഇതിലെ തൊഴിലാളികളെയുമാണ് ഇന്നലെ ഉച്ചയോടെ രക്ഷപ്പെടുത്തിയത്. അറബിക്കടലിൽ 75 ഡിഗ്രി കിഴക്ക് താനൂർ ഭാഗത്തുനിന്നാണ് ഇവരെ കണ്ടെത്തിയത്. കടലിൽ മത്സ്യബന്ധനം നടത്തുകയായിരുന്ന 'പൊന്നൂസ്' എന്ന ഒഴുക്കുവലക്കാരാണ് കടലിൽ നങ്കൂരമിട്ട് കിടന്നിരുന്ന വള്ളത്തേയും തൊഴിലാളികളെയും കണ്ടെത്തിയത്.

തമിഴ്നാട് സ്വദേശി ശെൽവരാജിൻറെ ഉടമസ്ഥതയിലുള്ള 'സെൻറ് മേരി' എന്ന വള്ളവും തൊഴിലാളികളായ പൊന്നാനി മീൻതെരുവ് സ്വദേശി കളരിക്കൽ ബദറു, മരക്കടവ് സ്വദേശികളായ ആല്യമാക്കാനകത്ത് നാസർ, കല്ലിങ്ങൽ ജമാൽ എന്നിവരെയുമാണ് വെള്ളിയാഴ്ച മുതൽ കാണാതായത്.

ശനിയാഴ്ചയും ഞായറാഴ്ചയും ഇവരെ കണ്ടെത്താനുള്ള തെരച്ചിൽ ഊർജിതമാക്കിയിരുന്നതിനിടെയാണ് മറ്റു മത്സ്യബന്ധന തൊഴിലാളികൾ ഇവരെ കണ്ടെത്തിയത്. ഇവർ നൽകിയ വിവരത്തെത്തുടർന്നു പൊന്നാനിയിൽ നിന്നുള്ള ഫിഷറീസിൻറെ പട്രോൾ ബോട്ട് സ്ഥലത്തെത്തി മൂവരെയും ബോട്ടിൽ കയറ്റി പൊന്നാനി ഹാർബറിലെത്തിച്ചു. മത്സ്യബന്ധനത്തിനിടെ എൻജിൻ തകരാർ സംഭവിച്ചതിനാൽ വള്ളം കടലിൽ നിർത്തിയിടുകയായിരുന്നു.

ഒരു ദിവസത്തെ മത്സ്യബന്ധനം കഴിഞ്ഞ് തിരിച്ചെത്തേണ്ട ചെറുവള്ളമാണ് നിശ്ചിതസമയം കഴിഞ്ഞിട്ടും മടങ്ങിയെത്താതിരുന്നത്. മത്സ്യബന്ധനത്തിനിറങ്ങുന്പോൾ രണ്ടു തൊഴിലാളികളിൽ മൊബൈൽ ഫോൺ ഉണ്ടായിരുന്നുവെങ്കിലും ഫോണുകൾ ഓഫായതോടെ അപകടവിവരം അറിയിക്കാൻ കഴിഞ്ഞില്ല. ഇതോടെ ആശങ്കയേറി.

മത്സ്യത്തൊഴിലാളികളെ കാണാതായ വിവരം ലഭിച്ചയുടൻ ഫിഷറീസ് വകുപ്പും തീരദേശ പോലീസും ചേർന്നു ഫിഷറീസ് ബോട്ടിൽ പൊന്നാനി മുതൽ ബേപ്പൂർ വരെയുള്ള മേഖല കേന്ദ്രീകരിച്ച് ശനിയാഴ്ച മുതൽ തെരച്ചിൽ നടത്തിയിരുന്നു. ഒടുവിൽ ഇന്നലെ ഇവരെ കണ്ടെത്തുകയായിരുന്നു.

കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തി സുരക്ഷിതമായി കരയ്ക്കെത്തിക്കാൻ പരിശ്രമിച്ച എല്ലാവരെയും കായിക മന്ത്രി വി. അബ്ദുറഹിമാൻ അഭിനന്ദിച്ചു.

# പതിനാലാം പഞ്ചവത്സരപദ്ധതി രൂപീകരണം ആരംഭിച്ചു : മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

തിരുവനന്തപുരം : കേരളത്തിന്റെ പതിനാലാം പഞ്ചവത്സരപദ്ധതി 2022 ഏപ്രിൽ 1 ന് ആരംഭിക്കുമെന്നും ജനകീയാസൂത്രണത്തിന്റെ രജതജൂബിലി വേളയിൽ വർദ്ധിച്ച ജനകീയ പങ്കാളിത്തത്തോടെ വികേന്ദ്രീകൃത വികസന ആസൂത്രണ നിർവ്വഹണ പ്രക്രിയകൾ ശാക്തീകരിക്കണമെന്നാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിവിധ വികസന മേഖലയിലെ ഇപ്പോഴത്തെ അവസ്ഥയും ആവശ്യങ്ങളും ഇതിനായി വിലയിരുത്തേണ്ടതുണ്ട്. തുടർന്നാണ് പുതിയ വികസന ക്ഷേമ പ്രവർത്തനങ്ങൾ വിഭാവനം ചെയ്യേണ്ടത്. 1996 ൽ ജനകീയാസൂത്രണം ആരംഭിച്ചതു മുതൽ ഓരോ തദ്ദേശഭരണസ്ഥാപനവും കടന്നുപോയ വികസന വഴികൾ വിശദമായ വിലയിരുത്തലുകൾക്ക് വിധേയമാക്കണം. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ പരിഹരിച്ച് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ വികസന ക്ഷേമ പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. ഈ പ്രക്രിയ ശാസ്ത്രീയമായും സമയബന്ധിതമായും പൂർത്തിയാക്കാനായി സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി 2021 നവംബർ അവസാനം തദ്ദേശഭരണ വകുപ്പ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

ജനകീയാസൂത്രണത്തിനായി തദ്ദേശ ഭരണസ്ഥാപന തലത്തിൽ ഇപ്പോൾ നിലനിൽക്കുന്ന ജനാധിപത്യ വേദികൾ എല്ലാം തന്നെ പുനഃസംഘടിപ്പിച്ച് പ്രവർത്തനം ഒന്നുകൂടി ഊർജ്ജസ്വലമാക്കണം. ഇപ്പോഴുള്ള വർക്കിംഗ് ഗ്രൂപ്പുകൾ, ആസൂത്രണ സമിതികൾ എന്നിവ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പുനസംഘടിപ്പിച്ചിട്ടുണ്ട്. ഈ സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കണം. ഇതോടൊപ്പം ഈ പ്രവർത്തനങ്ങളിലെല്ലാം ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയ എല്ലാവരുടേയും സജീവ പങ്കാളിത്തം ഉറപ്പാക്കുകയും വേണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷം തദ്ദേശ ഭരണസ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ, ന്യൂനതകൾ എന്നിവ വിലയിരുത്തി ക്രോഡീകരിക്കുന്നത് ഒരു അക്കാദമിക് പ്രവർത്തനമായി മാത്രം ചുരുങ്ങാതെ ജനകീയ പ്രവർത്തനമായി വികസിപ്പിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത അഞ്ചുവർഷത്തേക്ക് വികസന സേവന പശ്ചാത്തല മേഖലകളിൽ പിന്തുടരേണ്ട വികസന കാഴ്ചപ്പാട് രൂപവൽക്കരിക്കണം. ഓരോ മേഖലയിലും വികസന കാഴ്ചപ്പാടും അതു നേടിയെടുക്കുന്നതിനുള്ള വികസന തന്ത്രവും രൂപപ്പെടുത്തേണ്ടതുണ്ട്. ഈ നടപടികളൊക്കെ തികഞ്ഞ ശ്രദ്ധയോടെ നിർവഹിക്കേണ്ടതാണെന്ന് മന്ത്രി പറഞ്ഞു. ഇതിനായി വിപുലമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ വികസന മേഖലയിലെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനുമുള്ള പരിശീലനം ജനപ്രതിനിധികൾക്കും തദ്ദേശഭരണ നേതൃത്വത്തിനും നിർവഹണ ഉദ്യോഗസ്ഥർക്കും നൽകിക്കൊണ്ടിരിക്കുകയാണ്. തദ്ദേശഭരണ വികസനമേഖകളിലെ സ്ഥിതിവിവരക്കണക്കുകൾ ക്രോഡീകരിക്കുന്നതിന് ഉപയോഗിക്കാവുന്ന നിരവധി വിവരശേഖരങ്ങൾ ഇതിനകം ലഭ്യമാക്കിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ആദ്യത്തെ ഈ ഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വിദഗ്ദ്ധരും ആത്മാർത്ഥമായി പങ്കെടുക്കണം. വരാൻ പോകുന്ന വാർഷിക പദ്ധതികൾക്ക് അടിസ്ഥാനമായി മാറാൻ പോകുന്നത് ഇപ്പോൾ നമ്മൾ ശേഖരിക്കുന്ന സ്ഥിതി വിവരകണക്കുകളും അതിനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കുന്ന വികസനരേഖയുമാണ് മന്ത്രി പറഞ്ഞു.

കോവിഡാനന്തര കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിനുള്ള ഭാവനാപൂർണ്ണമായ വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാണ് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രാമുഖ്യം കൊടുക്കേണ്ടത്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹിക സുരക്ഷാ മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ മെച്ചപ്പെടുത്തുന്നതിനും സവിശേഷ ശ്രദ്ധ നൽകേണ്ടതാണ്. കേരളത്തിന്റെ സുസ്ഥിര വളർച്ച ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന വികസന പരിപാടികൾക്ക് പിൻബലം നൽകുന്ന വിധത്തിലാണ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രാദേശികാസൂത്രണ പ്രക്രിയ നിർവഹിക്കേണ്ടത്. കമ്പോളാധിഷ്ഠിത വികസന മാതൃകകൾക്ക് ബദൽ സൃഷ്ടിക്കാൻ കഴിയുമെന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളം തെളിയിച്ചിട്ടുള്ളതാണ്. കേരളത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുള്ള ഉൽപ്പാദനോന്മുഖമായ പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിന്റെ ഇതുവരെയുള്ള വികസന നേട്ടങ്ങളും ആഗോള തലത്തിൽ അഭിനന്ദിക്കപ്പെടുന്ന വികസന സൂചികകളും തെളിയിക്കുന്നത് ദീർഘകാലാടിസ്ഥാനത്തിലുള്ള ആസൂത്രണം ഫലപ്രദമാണെന്നാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയുമായി കേരളം മുന്നോട്ടു പോകുന്നതിന്റെ കാരണവും അതു തന്നെയാണ്. ഇതു തുടരുക തന്നെ ചെയ്യണം. അതിനായി മുഴുവൻ തദ്ദേശ ഭരണസ്ഥാപനങ്ങളും വരാൻ പോകുന്ന അഞ്ചുവർഷത്തെ വികസനത്തിന്റെ അടിത്തറ ഒരുക്കുന്നതിന് സക്രിയമായ നേതൃത്വം നൽകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

## പനച്ചൂരാൻ ഓർമയായിട്ട് ഒരു വർഷം



കായംകുളം: ജനപ്രിയ കവിതകളും ഗാനങ്ങളും ബാക്കിയാക്കി മലയാളികളുടെ പ്രിയ കവിയും ഗാനരചയിതാവുമായ അനിൽ പനച്ചൂരാൻ ഓർമയായിട്ട് ഇന്നലെ ഒരു വർഷം. കായംകുളം പുതുപ്പള്ളിയിലെ വാരണപ്പള്ളി പനച്ചൂർ തറവാട്ടില സ്മൃതി മണ്ഡപത്തിൽ ബന്ധുക്കളും സാമൂഹ്യ സാംസ്കാരിക പ്രവർത്തകരും പുഷ്പാർച്ചന നടത്തി.
സ്വന്തമായി ഒരു സിനിമ സംവിധാനം ചെയ്യാനുള്ള പരിശ്രമത്തിനിടെ കഴിഞ്ഞ ജനുവരി മൂന്നിനാണ് പനച്ചൂരാൻ വിട പറഞ്ഞത്. കാട് എന്നു പേരിട്ടിരുന്ന സിനിമയുടെ തിരക്കഥ പൂർത്താക്കി സംവിധാനം ചെയ്യാനുള്ള വലിയ പരി ശ്രമത്തിലായിരുന്നു അദ്ദേഹം.

പക്ഷെ ആ ആഗ്രഹങ്ങളെല്ലാം ബാക്കിയാക്കി , ആരാധക മനസുകളെ കണ്ണീരിലാഴ്ത്തി പനച്ചൂരാൻ വിട പറയുകയായിരുന്നു. കായംകുളം പുതുപ്പള്ളി ഗ്രാമത്തിൽനിന്നും കവിതയുടെ സ്വതന്ത്ര ലോകത്തിലൂടെ മികച്ച ഗാനരചയിതാവായും അഭിനേതാവായും സിനിമയുടെ മാസ്മരിക ലോകത്ത് ജനപ്രിയനായി മാറിയ കവിയായിരുന്നു അദ്ദേഹം. സ്വപ്നങ്ങളുടെ കലവറ നിറച്ച് വിദേശ നാടുകളിൽ കഴിയുന്ന പ്രവാസികളുടെ ജീവിതകഥയെ ആസ്പദമാക്കി ശ്രീനിവാസനെ നായകനാക്കി ലാൽ ജോസ് സംവിധാനം ചെയ്ത അറബിക്കഥ എന്ന സിനിമയിലെ ഗാനങ്ങളിലൂടെയാണ് സിനിമാലോകത്ത് പനച്ചൂരാൻ ശ്രദ്ധേയനായത്.

ഇതിൽ ചോര വീണ മണ്ണിൽ നിന്നുയർന്നുവന്ന പൂമരം എന്ന വിപ്ലവ ഗാനം സൂപ്പർഹിറ്റായി. ആ പാട്ടിൽ ചെറിയ വേഷത്തിൽ അദ്ദേഹം സാന്നിധ്യം അറിയിച്ചു . കഥപറയുമ്പോൾ സിനിമയിലെ വ്യത്യസ്തനാമൊരു ബാർബറാം ബാലനെ സത്യത്തിൽ ആരും തിരിച്ചറിഞ്ഞില്ലെന്ന ഗാനം പാടിയും പനച്ചൂരാൻ വ്യത്യസ്തനായി. അണ്ണാറക്കണ്ണാ വാ, എൻറമ്മേടെ ജിമിക്കി കമ്മൽ... തുടങ്ങി നിരവധി സൂപ്പർ ഹിറ്റ് ഗാനങ്ങൾ രചിച്ചു. വലയിൽ വീണ കിളികൾ, പ്രണയകാലം, അനാഥൻ, ഒരു മഴപെയ്തെങ്കിൽ, കർണ്ണൻ, തുടങ്ങിയ നിരവധി സൂപ്പർഹിറ്റ് കവിതകളും രചിച്ചു.ഓണാട്ടുകരയിലെ സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിധ്യമായിരുന്നു അദ്ദേഹം. നാട്ടിലെ അനുഭവങ്ങളും കഥാപാത്രങ്ങളുമാണ് തൻറെ രചനയിൽ അദ്ദേഹം ഉൾപ്പെടുത്തിയിരുന്നത്. അതിനാൽ ഗ്രാമീണതയും ഗൃഹാതുരതയും കവിതകളിലും പാട്ടിലും പ്രകടമായിരുന്നു

## കട ബാധ്യത: ഹോട്ടൽ ഉടമ ജീവനൊടുക്കി

നെടുമങ്ങാട്: കടബാധ്യതയെ തുടർന്ന് ഹോട്ടൽ ഉടമ ജീവനൊടുക്കി. വെങ്ങാന്നൂരിൽ ഹോട്ടൽ നടത്തുന്ന വെള്ളനാട് ഉറിയാക്കോട് കൃഷ്ണശ്രീയിൽ രാധാകൃഷ്ണൻ നായർ (56) ആണ് വീട്ടിലെ ശുചിമുറിയിൽ തൂങ്ങി മരിച്ചത്. സാമ്പത്തിക ബാധ്യതയെ തുടർന്നാണെന്ന് ബന്ധുക്കൾ പറഞ്ഞു. കോവിഡിനെ തുടർന്ന് കച്ചവടം പ്രതിസന്ധിയിൽ ആയതോടെ സാമ്പത്തിക ബാധ്യതയും വർധിച്ചു. മക്കളുടെ പഠനത്തിനായി എടുത്ത വിദ്യാഭ്യാസ വായ്പ പലിശയ്ക്ക് പണം വാങ്ങി അടച്ചതായി ബന്ധുക്കൾ പറഞ്ഞു.

രാധാകൃഷ്ണൻ നായർക്ക് ഒന്പത് ലക്ഷത്തോ രൂപയുടെ കടം ഉണ്ടെന്ന് ബന്ധുക്കൾ പറഞ്ഞു. കൂടാതെ രാധാകൃഷ്ണൻറെ മരുമകൾ അഞ്ച് മാസം മുൻപ് പ്രസവം കഴിഞ്ഞ ഉടൻ മരിച്ചിരുന്നു. ഇതിൻറെ മനോവിഷമവും ഉണ്ടായിരുന്നു. മൃതദ്ദേഹം മെഡിക്കൽ കോളജ് ആശുപത്രിയിൽ. ഭാര്യ: ഗീത. മക്കൾ: കൃഷ്ണപ്രസാദ്, ഹരികൃഷ്ണൻ. മരുമകൾ: പരേതയായ അരുണിമ.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.